കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം ഇരുപത്തിയേഴ്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം ഇരുപത്തിയേഴ്)

© 2015–2024, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Bheeshma oath, an painting by Raja Ravi Varma (1848–1906). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

“വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളിലൂടെ പരിചയപ്പെട്ട ‘സ്ഥലത്തെ പ്രധാന ദിവ്യന്മാർ’, വനവാസക്കാലത്തു വ്യഥിത പാണ്ഡവഹൃദയങ്ങളിൽ സാന്ത്വനം തന്ന ഓർമ്മയുണ്ടോ?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. മഹാപ്രസ്ഥാന പദയാത്ര.

“പാഞ്ചാലിയുൾപ്പെടെ, മിന്നുന്നതെല്ലാം പൊന്നാവണമെന്നില്ലെന്നപ്പോൾ ബോധ്യമായി.”

“പാണ്ഡവരുടെ പേരില്ല. വിചിത്രമെന്നു പറയട്ടെ, പാഞ്ചാലിയുടെ പേരുണ്ട്. ഇതെങ്ങനെ പുതു പാണ്ഡവ ഭരണകൂടം വിശദീകരിക്കും?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു, “കുറുക്കുവഴിയിലൂടെ പുതുതായി ആരെയും പൗരന്മാരാക്കാൻ ഇടതരാത്ത വിധം ജാഗ്രതയോടെ പഴുതടച്ചാണ് രാജസഭ അംഗീകാരം കൗരവർ അക്കാലത്തു നേടിയതെന്ന വസ്തുത നിങ്ങളെ അസ്വസ്ഥരാക്കുന്നുണ്ടോ?”

“പാണ്ഡവർക്ക് പൗരത്വം നിഷേധിച്ചു നിയമനിർമ്മാണം ചെയ്ത കൗരവർ, യുദ്ധത്തിൽ രാജ്യത്തിന്റെ അഖണ്ഡതക്കായി ബലി ചെയ്തതിന്റെ വിശ്വാസ്യത മലിനപ്പെടുത്താമെന്നാരും മോഹിക്കേണ്ട. വിവാദനിയമ നിർമ്മിതി, മുൻ മഹാരാജാവ് ധൃതരാഷ്ട്രർ രാജസഭയുടെ അംഗീകാരത്തോടെ അസ്ഥിരപ്പെടുത്തിയ ശേഷമായിരുന്ന ഞാൻ പട്ടാഭിഷേകം ചെയ്തതെന്ന് നിങ്ങൾ മാധ്യമപ്രവർത്തകർ നേരത്തെ അറിയേണ്ടതല്ലേ? പാഞ്ചാലിക്ക് പൗരത്വം അനുവദിച്ച ദുര്യോധനൻ എക്കാലവും പെണ്ണവകാശ പോരാളിയായിരുന്നു. കൗരവനേതാവിന്റെ പഞ്ചലോഹ പ്രതിമ നിർമ്മിക്കുമ്പോൾ, ഫലകത്തിൽ പ്രത്യേകം ഞങ്ങൾ എഴുതിച്ചേർക്കും. ധന്യംദുര്യോധനസ്മൃതി. തിരക്കുണ്ട്. കൗരവവിധവകൾക്കു പുനരധിവാസകേന്ദ്രത്തിൽ കടിവെള്ളവിതരണം തുടങ്ങുന്ന ചടങ്ങിൽ പങ്കെടുക്കാൻ സമയമായി”.

“എന്തുകൊണ്ട് ഞാൻ കാൽ മുമ്പോട്ടുവച്ചു എന്നോ? ആജീവനാന്തചൂഷക!? ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിപദവി കൈവിട്ടുപോവാതിരിക്കാൻ രാജസൂയ യാഗത്തിലെ എല്ലാ സ്ത്രീവിരുദ്ധ ആചാരങ്ങളും ആവേശത്തോടെ പൂർത്തിയാക്കിയ പാഞ്ചാലി, ചൂതാട്ടസഭയിൽ വലിഞ്ഞുകയറി, നാണം കെടുംവരെ എന്നെ നിന്ദിക്കാൻ കിട്ടിയ അവസരം വല്ലതും പാഴാക്കിയോ? എല്ലാം പൊറുക്കാം, പക്ഷേ, രണ്ടു സ്ത്രീകൾ പെറ്റതെങ്കിലും, പൊതു പിതൃനാമം പങ്കിടുന്ന പാണ്ഡവരിൽ മാദ്രിമക്കളെ ഇളമുറമുദ്ര ചാർത്തി വേർതിരിച്ചു ഞങ്ങളിൽ അതുവരെ ഇല്ലാതിരുന്ന തലമുറവിടവുണ്ടാക്കാൻ അവൾ ചെയ്ത ഹീന ശ്രമമുണ്ടല്ലോ, അത് കണ്ടതോടെ പാഞ്ചാലി എനിക്ക് പ്രിയങ്കരിയല്ലാതായി”. കറുത്ത ആകാശം, കൈതൊടാവുന്ന ആ മലമുകളിൽ അപ്പോഴേക്കും ഏന്തിവലിച്ചു എത്തിയ യുധിഷ്ഠിരൻ ജീവവായു കിട്ടാതെ കിതച്ചു, അനാഥപ്പട്ടി വിധേയത്വത്തോടെ വാലാട്ടി.

◇ 2024/09/02 ◇

“വധു സുന്ദരിയും അഭ്യസ്തവിദ്യയുമായിരിക്കുക, സ്വയംവര പ്രതിയോഗികളുടെ ‘ഭീഷണ’സാന്നിധ്യം അവൾ കണ്മുന്നിൽ അറിയുക, മത്സരജേതാവെന്ന നിലയിൽ അവളിൽ ഭ്രമിച്ചും, ഭർത്താവെന്ന നിലയിൽ അവളെക്കണ്ടു പരിഭ്രമിച്ചും, വിവാഹം കഴിക്കുക—‘വികാരജീവി’ അർജ്ജുനനു എപ്പോഴാണ് ഈ വിശ്വ മോഹിനിയിൽ ‘കൗതുകം’ നഷ്ടപ്പെട്ടത്?”. സുഭദ്രയുമൊത്തു ഇന്ദ്രപ്രസ്ഥത്തിൽ വെല്ലുവിളി പോലെ വന്ന അർജ്ജുനനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“മത്സരിച്ചുനേടിയ ‘പെണ്ണുടലിൽ ‘പരമാധികാരം’ നിങ്ങൾ സ്ഥാപിച്ചുകഴിഞ്ഞാൽ, പ്രണയാവേശം അണയുമെന്നതൊരു സാമാന്യബോധമല്ലേ! അർജ്ജുനൻ, മേച്ചിൽപുറങ്ങളിൽ പുതുപെണ്ണുടൽ നേടിവന്നപ്പോൾ, മഹാറാണി പാഞ്ചാലി വിരുന്നു ബഹിഷ്കരിച്ചതു നിങ്ങൾ കണ്ടില്ലേ? വ്യക്തമായല്ലോ, പ്രണയം, ഉടമസ്ഥാവകാശവുമായി അവളെങ്ങനെ എക്കാലവും കൂട്ടിവായിച്ചു!”

“ഇത്ര അസഹ്യമാണ് ദാമ്പത്യജീവിതമെങ്കിൽ, ഇനിയും ആ ‘ബന്ധനം’ വച്ചുനീട്ടാതെ ‘കെട്ടു’പൊട്ടിച്ചുകൂടെ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. കളികഴിഞ്ഞുവന്ന പാഞ്ചാലി, ഈറൻതുണി വെയിലത്തിടുന്നത് ജാലകത്തിലൂടെ കാണാമായിരുന്നു. അക്ഷയപാത്രത്തിൽനിന്നും വിശപ്പടക്കിയ മറുപാണ്ഡവർ ചൂതാട്ടത്തിൽ ‘നൈപുണ്യ വികസനം’ നേടുന്ന മദ്ധ്യാഹ്നം.

“ഊഴംതെറ്റിച്ചും ഉടൽസേവനം ഉടൻ നേടാൻ, പാഞ്ചാലിയുമായി അതിരുവിട്ട കൗശലപൂർവ്വം ഇഷ്ടംകൂടുന്ന വിവാഹത്തിന്റെ ആദ്യ കാലങ്ങളിൽ, പാണ്ഡവരഞ്ചുപേർക്കും നോട്ടപ്പിശക് പറ്റി. ഒന്നൊന്നായി അവൾക്കുമുമ്പിൽ ഞങ്ങൾ ‘ഹൃദയം തുറന്ന’ ഏറ്റുപറച്ചിലുകൾക്കിടയിൽ, പാണ്ഡു/കുന്തി/മാദ്രി കുടുംബ രഹസ്യങ്ങൾ ‘ഓർമപ്രകാശന’ത്തിലൂടെ വഴുതിവീണതെല്ലാം അവളുടെ പക്കൽ ഉണ്ട്. ബഹുഭർതൃത്വദാമ്പത്യത്തിൽ കുമിഞ്ഞുകൂടിയ അസ്വാരസ്യമൊക്കെയുണ്ടെങ്കിലും, വേർപെട്ട പാഞ്ചാലി സ്വതന്ത്രയായാൽ, പൗരാവകാശത്തോടൊപ്പം രാജസ്ത്രീ പദവിയും കൊടുത്ത ദുര്യോധനൻ ആ “വിഴപ്പ്” തട്ടിയെടുക്കുമോ എന്നതാണ് ഞങ്ങളുടെ ഭീതി.”

“കൗരവപക്ഷത്തായിരുന്നു, സ്വാർത്ഥതാല്പര്യത്തിൽ നിങ്ങളെങ്കിലും, കുരുക്ഷേത്ര കഴിഞ്ഞപ്പോൾ പാണ്ഡവഭാഗത്തേക്കു കൂറുമാറി. അഭിമന്യുമകൻ, പരീക്ഷിത്തിന്റെ ഗുരു എന്ന പദവി തന്നു നവപാണ്ഡവഭരണകൂടം അരമനയിൽ നിങ്ങളെ അന്തേവാസിയുമാക്കി. ഊട്ടുപുരയിലും കിട്ടി മുൻവരി ഇരിപ്പിടം. എന്നിട്ടും എന്താ മുറുമുറുപ്പ്?”, കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു.

“നിയമനരീതിയിലാണ് ക്രമംവിട്ട പദാവലി. കൗരവ കാലത്തെന്റെ പദവി ‘കൊട്ടാരഗുരു’ എന്നായിരുന്നു അങ്ങനെയാണ് രാജമുദ്ര ചാർത്തിയ ഉത്തരവിൽ വായിച്ച ഓർമ്മ. കിരീടാവകാശിയുടെ പ്രാഥമികഗുരു എന്നാക്കി ചുരുക്കി. ആദ്യാക്ഷരങ്ങൾ പരീക്ഷിത്ത് അഭ്യസിച്ചു കഴിഞ്ഞാൽ, പിന്നെ എന്താവും എന്റെ ഭാവി? ആദ്യാക്ഷരങ്ങൾ പരീക്ഷിത്തിനെ അഭ്യസിപ്പിക്കുന്നതു എത്ര ഞാൻ മനഃപൂർവ്വം വൈകിപ്പിക്കുന്നുവോ അത്രയും എന്റെ ഔദ്യോഗികജീവിതം തടസ്സമില്ലാതെ തുടരാമെന്ന് ഒളിപ്പിച്ചൊരു വാശാനമാണോ പാണ്ഡവർ വളഞ്ഞവഴിയിൽ തരുന്നത്? ചിരഞ്ജീവി എന്ന ദിവ്യഗണത്തിൽ പെട്ടതുകൊണ്ട് മരിക്കാനും എനിക്ക് അവസരമില്ല”, ദ്രോണരുടെ ഭാര്യാസഹോദരനും അശ്വത്ഥാമാവിന്റെ മാതൃസഹോദരനുമായ, ‘ചിരഞ്ജീവി കൃപാചാര്യൻ’ തന്റെ ഏകശിഷ്യനെ തേടി പകച്ചു ചുറ്റും നോക്കി.

◇ 2024/09/04 ◇

“പന്ത്രണ്ടുകൊല്ലം പാഞ്ചാലി കാട്ടിൽ കൗരവഅടിമയായി കഷ്ടപ്പെടുമ്പോഴും നിങ്ങൾ, ഹസ്തിനപുരി കൊട്ടാരത്തിൽ അവൾക്കുവേണ്ടി ‘ചെറുവിരൽ അനക്കിയില്ലെ’ന്ന ദുര്യോധനൻ പറഞ്ഞപ്പോൾ ഞങ്ങൾ ഞെട്ടി. ഇത്രക്കാകാമോ ഹൃദയശൂന്യത! ഒന്നുമല്ലെങ്കിൽ നിങ്ങളുടെ അഞ്ചു പേരക്കുട്ടികൾക്ക് ജന്മം നൽകിയ സ്ത്രീയല്ലേ അവൾ?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. പാണ്ഡവരുടെ വനവാസക്കാലത്തു ഗാന്ധാരിയുടെ തോഴിയായി അരമനയിൽ കുന്തി സ്വസ്ഥമായി കഴിയുന്ന കാലം.

“കാട്ടിൽ ബാല്യകൗമാരങ്ങൾ കഴിഞ്ഞ പാണ്ഡവർക്ക് വേണ്ടി ഞാനൊന്നും ചെയ്തില്ലായിരിക്കാം, എന്നാൽ എന്നെപോലെ ഒന്നിലധികം പുരുഷന്മാരുമൊത്തു രാപ്പകൽ വിധേയപ്പെട്ട പാഞ്ചാലിക്ക് പരുത്തിത്തുണികളും ചർമ്മപരിപാലനത്തിനു സുഗന്ധതൈലവും ശരീരശുചിത്വത്തിനു പച്ചിലമരുന്നുകളും ഉടലഴകിനുപകരണങ്ങളും വിശ്വസ്ത ചാരൻ വഴി അവൾക്കെത്തിച്ചു കൊടുത്തിരുന്നത് ആരാണെന്നാണ് ഇതുവരെ മനസ്സിലാക്കിയത്? ആ കരുതലും ദുഷ്ടദുര്യോധനൻ തട്ടിയെടുക്കുമോ?”

◇ 2024/09/05 ◇

“പ്രിയ അധ്യാപകൻ നിങ്ങൾക്കാരുണ്ട്? അതിനുശേഷം ഞാൻ, തക്ഷശില രാജ്യതന്ത്രവകുപ്പിലെ ‘പ്രഗൽഭരെ’ അനുസ്മരിക്കാം!”, കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു. വിദ്യാഭ്യാസ‘മാതൃക’ ദ്രോണാചാര്യരെ ആദരിക്കുന്ന വാർഷികോത്സവത്തിൽ ദുര്യോധനനുമൊപ്പം എത്തിയതായിരുന്നു, കർണ്ണൻ.

“രണ്ടു ‘മഹാബ്രാഹ്മണ’രെ വ്യത്യസ്തരീതികളിൽ ഈ അവസരത്തിൽ ഓർക്കുന്നു, ഒരാളെ നീരസത്തോടേ, മറ്റെയാളെ അസഹിഷ്ണുതയോടെ. സൈനികശാസ്ത്രം പഠിക്കാൻ ആദ്യം ചെന്നത് ദ്രോണഗുരുകുലത്തിലാണ്. ‘മുഖതേജസ്സും ആരോഗ്യവും കാണുമ്പോൾ, സൂര്യനെപ്പോലെ ശോഭിക്കുന്ന നീ അഭിജാത’നെന്ന മുൻവിധിയോടെ പ്രവേശനം നൽകാനിരിക്കുമ്പോഴാണ്, ഞാൻ ജനിച്ച സൂതവംശത്തെക്കുറിച്ചു ഗുരുവിനു, ‘മത്സരബുദ്ധി’ അർജ്ജുനൻ രഹസ്യവിവരം കൈമാറിയത്. “ജാതിയിൽതാണ നിന്നെ ഗുരുകുലത്തിൽ ചേർത്തു കൗരവപാണ്ഡവർക്കൊപ്പം പഠിപ്പിച്ചാൽ ഞാൻ, ധൃതരാഷ്ട്രകോപത്തിനു ഇരയാവുമെന്നു” പറഞ്ഞു പുറത്താക്കിയ ദ്രോണരോടുള്ളതു ഭീരുവിനോടുള്ള സഹതാപം മാത്രം. എന്നാൽ, പിന്നീടു ചെന്നത് പരശുരാമശിഷ്യനാവാൻ! വിദ്യാഭ്യാസം കഴിഞ്ഞു പുറത്തുവരുമ്പോളായിരുന്നു, അശ്രദ്ധകൊണ്ടെന്റെ സൂതവംശം വെളിപ്പെട്ടതും, “കബളിപ്പിക്കാൻ ശ്രമിച്ച നിന്റെ വിദ്യ, പോരാട്ടത്തിൽ ഫലിക്കാതെ പോട്ടെ” എന്ന് ശപിച്ചതും. ദശാബ്ദം നീണ്ട വിദ്യാഭ്യാസം, ശാപവാക്കു കൊണ്ടയാൾ റദ്ദു ചെയ്തു. ജാതിക്കോമര ബ്രാഹ്മണനുമുമ്പിൽ വിദ്യാദേവി അവഹേളിക്കപ്പെട്ട ദുർദിനമാണ് ഇപ്പോഴും ഓർമ്മ!”

“വ്യാസനെ കണ്ടിട്ട് കാലമെത്രയായി”, ഭീമൻ വിഷാദസ്വരത്തിൽ ഓർത്തു.

“പത്തു കോവർ കഴുതകളും അത്രതന്നെ സഹായികളുമായി പനയോലക്കെട്ടു കൊണ്ടുവരാൻ ദക്ഷിണാപഥത്തിൽ പോയിരിക്കയാണെന്ന് കേട്ടു. യുദ്ധം കഴിഞ്ഞാൽ ഉടൻ കുരുവംശചരിത്രം എഴുതും. ജേതാവിന് അനുകൂലമായി വ്യാസൻ കെട്ടിപ്പൊക്കും ഒരു മഹാഭാരത കഥ.”

“എന്തിനാണ് വലിയൊരു സൈന്യവുമായി വിരാടത്തിലേക്കു പോയത്?”, ഹസ്തിനപുരത്തിൽ മടങ്ങിവന്ന കൗരവസംഘത്തെ നോക്കി കൊട്ടാരം ലേഖിക വിസ്മയത്തോടെ ചോദിച്ചു, “ആരെ കൊല്ലാനാണു പിതാമഹനെയും കൊണ്ടുപോയത്?”

“അർദ്ധസഹോദരർ അവിടെ അജ്ഞാതവാസത്തിൽ വിരാട അടിമകളായി കഷ്ടപ്പെടുന്നുണ്ട് എന്നറിഞ്ഞു ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ ചെന്ന ഞങ്ങളെ കീചക കിങ്കരന്മാർ, പാണ്ഡവരെ മുഖംകാണിക്കാൻ സമ്മതിക്കാതെ, തിരിച്ചയച്ചു. പരാജയമല്ല, സമാധാനദൂതിനൊരു കാലിടറൽ മാത്രം!”

“ക്ഷണിച്ചുവരുത്തിയ വിശിഷ്ട കൗരവകുടുംബ സംഘത്തെ പരസ്യമായി നിങ്ങൾ അപമാനിച്ചുവിട്ടു എന്ന് ഹസ്തിനപുരി കുതിരപ്പന്തികളിൽ പാട്ടാണല്ലോ. ധാർമികതയുടെ മൊത്ത ക്കച്ചവടക്കാരനായ യുധിഷ്ഠിരന്റെ ഈ നവമോഹനനഗരി പോക്കിരികളുടെ വിഹാരഭൂമിയായോ?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“അടിസ്ഥാനസൗകര്യങ്ങൾ നാമമാത്രമായ ഇന്ദ്രപ്രസ്ഥത്തിന് താങ്ങാനാവുന്നതിലുമധികം, നൂറോളം കൗരവരും അവരുടെ ‘ആന മയിൽ ഒട്ടകമടക്കം’ കുഞ്ഞുകുട്ടി കുടുംബാംഗങ്ങളും ഒരു സുപ്രഭാതത്തിൽ ഇവിടെ ഇടിച്ചിറങ്ങി പാണ്ഡവ ആഡംബര വസതികളിൽ തന്നെ വേണം അന്തിയുറക്ക സൗകര്യം എന്ന് ശഠിച്ചാൽ പിന്നെ, ഈ പുതുനഗരം അവരുടെ ജൈവവിസർജ്യം കൊണ്ട് ഹസ്തിനപുരിപോലൊരു നാറ്റപ്പട്ടണമാവില്ലേ. വേറെ അടിയന്തിര മാധ്യമശ്രദ്ധ അർഹിക്കുന്ന അത്യാഹിതമൊന്നും ഉണ്ടായില്ല.”

◇ 2024/09/06 ◇

“ബഹുഭർത്തൃത്വം അസാധാരണമെങ്കിലും, നിഷിദ്ധമല്ലെന്ന തർക്കത്തിനു സമ്മതിക്കാം. എന്നാൽ, പരിഷ്കൃത വനിതയെന്ന പേരെടുത്ത അഭ്യസ്ത വിദ്യയല്ലേ, എങ്ങനെ പിന്നെ സ്വീകരിച്ചു കുന്തിയുടെ ദുരുഹമായ നാലംഗ വിവാഹസമ്മാനം?”, കൊട്ടാരം ലേഖിക ചോദിച്ചു. നവവധുവായി പാണ്ഡവർക്കൊപ്പം ഹസ്തിനപുരി അതിഥിമന്ദിരത്തിൽ ആരാധകർക്ക് ‘ദർശനം’ കൊടുക്കുന്ന ആഘോഷദിനങ്ങൾ. കുരുവംശസ്വത്തിൽ ഭാഗം ചോദിക്കാൻ യുധിഷ്ഠിരനും സംഘവും കൊട്ടാരത്തിൽ പോയ നേരം.

“സ്വയംവരം ചെയ്ത അർജ്ജുനന്റെ കൂടെ നിന്ന സഹോദരന്മാരെ നോക്കിയപ്പോൾ, മുഖത്തെ യാചനാഭാവം എന്നെ സ്പർശിച്ചു! “പാഞ്ചാലീദേവീ, സ്വവർഗ്ഗരതിയിലേക്കു അനാഥയുവത്വത്തെ നീ തള്ളിവിടരുതേ, കൈകൂപ്പിടുന്നു ഞങ്ങൾ”, എന്നവർ മുട്ടു കുത്തി എന്നെ പ്രലോഭിപ്പിച്ചുവോ!”

“കീചകവധഅന്വേഷണത്തിൽ, എന്ത് പുരുവിവരമാണിപ്പോൾ പുറത്തു?”, ‘ഹസ്തിനപുരി പത്രിക’യിലെ വാർത്താവിഭാഗം മേധാവി പുരികമുയർത്തി. പാണ്ഡവഭരണ ഹസ്തിനപുരി.

“ഊട്ടുപുര ‘പാചകക്കാര’നായ ഭീമൻ ഇടയ്ക്കിടെ ചൂടിൽ വിയർത്തു പുറത്തുവരും. നനഞ്ഞ ഉടുതുണി ആകെയൊന്നു വീശി, കുറച്ചുനേരം നിന്ന്, വീണ്ടുമുടുത്തു അകത്തേക്ക് മടങ്ങിപ്പോകും. രംഗം ഒന്നിലധികം പ്രാവശ്യം പൂങ്കാവനത്തിൽ കണ്ട വിരാടറാണി സുദേഷ്ണ, പാരവശ്യത്തോടെ അനുജനോട് ‘പാചകക്കാരന്റെ അശ്ലീലചേഷ്ട നിർത്തിതരണ’മെന്നു ആവശ്യപ്പെട്ടപ്പോൾ യുവ വിരാടസൈനികമേധാവി മുൻഗണന കൊടുത്തു. ഭീഷണി മണത്ത ഭീമൻ, മുൻകരുതൽ എന്ന നിലയിൽ കീചക ഉയിരെടുത്തു”, കൊട്ടാരം ലേഖിക കയ്യിൽ തടഞ്ഞ രഹസ്യവിവരം അവതരിപ്പിച്ചു.

“ചത്തത് കീചകനും കൊന്നത് ഭീമനും എന്ന ‘അധ്യായ’ത്തിൽ പുരുഷ നഗ്നതാപ്രദർശനം എന്ന പുതിയ സദാചാര ഉള്ളടക്കം കൂടി വേണോ? ഭീമൻ ഇപ്പോൾ യുദ്ധാനന്തര ഭരണകൂടത്തിൽ പ്രതിരോധ വകുപ്പ് മേധാവിയല്ലേ.”

◇ 2024/09/07 ◇

“നിങ്ങൾ ‘പരിപ്രേക്ഷ്യ’ത്തിൽ പ്രതികരിക്കുന്ന ഏക പാണ്ഡവൻ എന്നാണല്ലോ വെപ്പ്. പാഞ്ചാലിയിൽ നിന്നും ‘മോചനം’ ദാമ്പത്യസാധ്യതയായി നിങ്ങളഞ്ചുപേർ പരിഗണിച്ചിട്ടുണ്ടോ?” കൊട്ടാരം ലേഖിക സഹദേവനോട് ചോദിച്ചു.

“വെറുമൊരു സാധ്യതയല്ല, വിമോചനവഴി തുണയായ സുരഭിലകാലം! അഞ്ചു കമിതാക്കളെ മുൾമുനയിൽ നിർത്താൻ കെൽപ്പുള്ള പാഞ്ചാലി, പായക്കുട്ടിനു തന്നിഷ്ടപ്രകാരം ഊഴം നടപ്പിലാക്കിയ രാത്രികാലം. അഞ്ചിലൊന്ന് ഊഴംതെറ്റിച്ചു എന്നെയവൾ വിരൽഞൊടിച്ചു തിരഞ്ഞെടുക്കും. മറ്റനാലു തിരസ്കൃതരും ഒത്തുചേർന്നു “ബഹുഭർതൃത്വത്തിന്റെ സേവന നൈതികത നിഷേധിക്കുന്ന പാഞ്ചാലിയിൽനിന്നും ഞങ്ങൾ സഹികെട്ട് ഇതാ വിവാഹമോചനം നേടുന്നു”, എന്നവർ മൂന്നു തവണ ആകാശത്തേക്ക് ദൃഷ്ടിപായിച്ചു ഉച്ചരിക്കും. അവർക്കിടയിൽനിന്നും പിറ്റെന്നൊരാളെ സ്വേച്ഛാധികാരത്തിൽ തിരഞ്ഞെടുക്കപ്പെടുമ്പോൾ മോചനപ്രഖ്യാപനം ഉപാധിരഹിതമായി പിൻവലിച്ചു അന്നുരാത്രി വിശിഷ്ടപായക്കുട്ടുകാരനാവും. രാജസൂയ യാഗം ചെയ്ത സാമന്തരുടെ സർവാധികാരിയായി തിരുവസ്ത്രം ധരിക്കുന്ന യുധിഷ്ഠിരൻ, അവൾക്കുമുമ്പിൽ നിർല്ലജ്ജം മുട്ടുകുത്തുന്ന കാലം! അർദ്ധദേവസ്ത്രീയുടെ രതി സംഹാരശക്തിയോർത്തു അഭിമാനം തോന്നും, ഞാനും ‘ഇര’യാവും വരെ, കപടഅഭിമാനം എന്നിൽ കാടുപൂക്കും!”

“ഇടനെഞ്ചു ചതച്ച കൗരവരെ കൊന്ന ‘ഇതിഹാസ’മായ നിങ്ങൾ എന്നാണൊന്നുള്ളം മറന്നുത്സവാഘോഷത്തിൽ ഉല്ലസിക്കുക?”, കൊട്ടാരം ലേഖിക രൗദ്രഭീമനോട് ചോദിച്ചു. അവസാനശത്രു ദുര്യോധനനും തുടയിൽ ഭീമഗദ തട്ടി തകർന്നു കിടക്കുന്ന സന്ധ്യ.

“സംശയമുണ്ടോ? ഓരോ കൗരവരാജവിധവയുടെയും കണ്ണുനീർ, ഈ വിരലുകൾകൊണ്ട് തുടച്ചുനീക്കി മാത്രം!” ഭീമൻ കൊച്ചു കുഞ്ഞിന്റേതുപോലെ മൃദുവായ കൈവിരലുകൾ നീട്ടി, പ്രാർത്ഥനയുടെ സ്വരത്തിൽ പറഞ്ഞു.

“ദേവസന്തതികളെപോലെ സുമുഖന്മാരായ ഇവർ അഞ്ചുപേരും, എന്റെ സ്ഥിരം കമിതാക്കൾ! ബഹുഭർതൃത്വ ദാമ്പത്യത്തിൽ അംഗങ്ങളുമാണ്. അഞ്ചു പുത്രന്മാരുടെ ബീജദാതാക്കളും എന്നെപ്പോഴെങ്കിലും പാഞ്ചാലയിലെ വിശിഷ്ടവ്യക്തികൾക്ക് അഭിമാനത്തോടെ പരിചയപ്പെട്ടുത്തിയ ഓർമ്മയുണ്ടോ?”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“‘ദിവ്യന്മാ’ർ പാരിതോഷികങ്ങളും പാൽപ്പുഞ്ചിരിയുമായി അവൾക്കരികെയെത്തിയാൽ, ഇളമുറ നകുലന്റെ അരക്കെട്ടിൽ കൈചേർത്തു ഉല്ലസിച്ചു നിൽക്കും, ‘പ്രിയകൂട്ടുകാരൻ’ എന്ന് തിളങ്ങുന്ന കണ്ണുകളോടെ പരിചയപ്പെടുത്തും. നാലു പേർ ദരിദ്രബന്ധുക്കളെപോലെ, പല്ലുക്ക് ചുമക്കാനും അകമ്പടിക്കും ദേഹസുരക്ഷക്കും ഓടിനടക്കും”, പറഞ്ഞുപറഞ്ഞു, പെട്ടെന്ന് ദൂരെ പാഞ്ചാലിയെ ഒരു നോക്ക് കണ്ടപ്പോൾ, അസംതൃപ്തഭീമൻ നേർക്കുനേർ ദർശിക്കുവാൻ, മുട്ടിൽ ഇഴഞ്ഞു കൈകൾ കൂപ്പി.

◇ 2024/09/08 ◇

“തലയിൽതേച്ചു നീരൊഴുക്കിൽ നീന്തിക്കുളിക്കാൻ വേണം, കരൾ തുറന്നിത്തിരി കൗരവച്ചോര!”

“അഞ്ചു ആൺമക്കളുണ്ടായിട്ടും, നിങ്ങൾ ‘ദാസി’?” കൊട്ടാരം ലേഖിക കുന്തിയോട്ട് ചോദിച്ചു.

“നിലമുഴുതുജീവിക്കുമെന്നുപറഞ്ഞു കുടിയേറ്റക്കാരായി പാഞ്ചാലിയുമൊത്തവർ പടിയിറങ്ങുമ്പോൾ, ഞാൻ ഓർമ്മിപ്പിച്ചു, “മക്കളേ, ഖാണ്ഡവവനം നിങ്ങൾ പരിപാലിക്കണം, അതൊരാവാസവ്യവസ്ഥ!”. അവർ കേട്ടില്ല, പിന്നെ മന്ത്രി വിദുരർ പറഞ്ഞു കേട്ടു, കാടുകത്തിച്ചയിടത്തിൽ രാജസൂയയാഗം ചെയ്യും, സ്വാധീനമുള്ള യാദവസുഹൃത്തുക്കളെ നേടിയും യുധിഷ്ഠിരൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായി! അഞ്ചു പാണ്ഡവകുട്ടികളെയും കൊണ്ട് ഈ വഴി പാഞ്ചാലക്കവർ പോയിട്ടും, എന്നെ കാണാൻ വന്നില്ല. ഹസ്തിനപുരിവഴി യാത്രഅനുമതി കൊടുത്തിരുന്നു. ചൂതാട്ടത്തിനു പാണ്ഡവസംഘം ആനപ്പുറത്തു എഴുന്നെള്ളി, പിറ്റേന്നവർ കൗരവഅടിമകളായി കാട്ടിൽ പോവുന്നതും കണ്ടു, പതിമൂന്നുവർഷത്തിന് ശേഷം കുരുവംശരാജാക്കളായി ഹസ്തിനപുരിയിൽ ഭരണമേറ്റെടുത്തിരിക്കുന്നു. ഇതിനിടയിൽ യുദ്ധത്തിൽ കൊല്ലപ്പെട്ട കർണ്ണനു ശ്രാദ്ധം ചെയ്യാൻ ഞാനവർക്കൊപ്പം ബലിഘട്ടത്തിൽ പോയതൊഴിച്ചാൽ, ഇല്ല, അവരുമായി എനിക്ക് സമ്പർക്കമില്ല.”

◇ 2024/09/09 ◇

“ഓരോ അഭിമുഖത്തിലും വെളിപ്പെടുന്നല്ലോ ബഹുഭർത്തൃത്വം സഹനം എന്ന ദാമ്പത്യസൂചന?”, പഞ്ചലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഇടനെഞ്ചിൽ കുത്തിയാൽ തെറിക്കില്ലേ ചോര?”

◇ 2024/09/10 ◇

“മലമ്പ്രദേശത്തേക്കിപ്പോൾ കനത്ത വാഹനനീക്കമാണല്ലോ. എന്താണിതിന്റെ കച്ചവടരഹസ്യം?”, കൊട്ടാരം ലേഖിക മാംസഭക്ഷണശാല ഉടമയോട് ശബ്ദം താഴ്ത്തി ചോദിച്ചു.

“വൈവാഹികമാണ് കാര്യം. യുവരാജ ധൃതരാഷ്ട്രർ വിവാഹം കഴിച്ച ഗാന്ധാരപ്രദേശത്തെക്കാണിപ്പോൾ തിരക്കൊക്കെ. ഓരോ കാളവണ്ടിയിലും, ഒരു മാസത്തേക്കു ധാന്യവും വിറകും വെള്ളവും സഹായികളും കാണും. ആരോ കുതിരപ്പന്തികളിൽ വിചിത്രവിവരം എത്തിച്ചു. ഗാന്ധാരദേശവധു പ്രസവത്തിൽ നൂറു ആൺകുട്ടികൾക്ക് ജന്മംനൽകി! ഒന്നിനൊന്നു ആരോഗ്യവും സൗന്ദര്യവും ഉള്ളവർ, ഗാന്ധാരദേശത്തിനായി പെരുമ! എന്തു കൊണ്ട് ഗാന്ധാരയിൽ നിന്നായിക്കൂടാ നമ്മുടെ മകനു വധു? കൃഷി ആയാലും കന്നുകാലിവളർത്തൽ ആയാലും കച്ചവടമായാലും, ആൾക്ഷാമം പരിഹരിക്കാൻ മറ്റുദേശങ്ങളിൽ നിന്നും തൊഴിലാളികളെ ഇറക്കുമതി ചെയ്താണ് കാര്യങ്ങൾ നടത്തിയതെങ്കിലും, വരുംകാലങ്ങളിൽ പോരെന്നായി, കടന്നുചിന്തിക്കുന്ന ഗ്രാമസഭ. ആണുങ്ങൾക്ക് വധു, ഗാന്ധാരയിൽ എന്ന അനുമതിയോടെ ബന്ധുക്കൾ പോവുമ്പോൾ, ഞങ്ങൾ അതിലൊരവസരം കണ്ടു: മാടുകളെ ഇറച്ചിവിലയ്ക്കു കൊടുക്കും, രുചി ഉറപ്പിക്കാം, ഞങ്ങൾക്കതൊരു വരുമാനമായി. നിങ്ങൾക്കെന്താണ് വേണ്ടത്, വിലക്കുറവിൽ, കറവവറ്റിയ നാൽക്കാലി മതിയോ?”

“കീഴടങ്ങൽനിബന്ധന പാലിച്ചു നഗ്നപാദരായി വനവാസത്തിനു വിനീതരായി നടന്നുനീങ്ങുന്ന പാണ്ഡവരുടെ ഇരുഭാഗത്തും, ഉയർത്തിപ്പിടിച്ച ചാട്ടവാറുമായി നിങ്ങളെന്തിനാ ഇങ്ങനെ കാര്യമില്ലാതെ അട്ടഹസിക്കുന്നതു?”, കൊട്ടാരം ലേഖിക, മുഖപരിചയമുള്ള ഇളമുറ കൗരവനോട് ധാർമികരോഷത്തോടെ ക്ഷോഭിച്ചു.

“ഇന്നലെ ഇതേ സമയത്ത് ഞങ്ങൾ തന്നെയാണ് ‘ഇന്ദ്രപ്രസ്ഥം ചക്രവർത്തി യുധിഷ്ഠിരനെയും മഹാറാണി’യെയും വെഞ്ചാമരം വീശി നഗരവാതിൽ മുതൽ കൊട്ടാരംവരെ ഉപചാരപൂർവ്വം ആചാരവെടിയുമായി ആനയിച്ചത്. ചൂതുകളിക്ക് ശേഷം നേരം പുലർന്നപ്പോഴേക്കും, നിയതിയുടെ തട്ട് ഉയർന്നതും താണതും, ഇവരാറുപേർ ഞങ്ങളുടെ അടിമകൾ ആയതും, നാം ആഘോഷിക്കേണ്ടേ?”, കൗരവൻ ആഞ്ഞുവീശിയ ചാട്ടയിൽ അർദ്ധനഗ്ന ഭീമൻ പുളഞ്ഞു.

◇ 2024/09/11 ◇

“മൗനം?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ച “അതോ, ഉള്ളിൽ കെട്ടുപൊട്ടുന്നൊരു കൊടുംകാറ്റുണ്ടോ?”

“ഖാണ്ഡവപ്രസ്ഥം പ്രവിശ്യയുടെ ഇഷ്ടദാനപത്രവുമായി പാണ്ഡവർ വധുവുമൊത്തു ഭാഗ്യാന്വേഷണത്തിനായി പടിയിറങ്ങുമ്പോൾ നിങ്ങൾ കൂടെകൂടാതെ, കൊട്ടാരത്തിൽ തുടർന്നതിലെ പ്രയോഗികബുദ്ധി പ്രത്യക്ഷത്തിൽ പ്രശംസാവഹമായിരുന്നു. പോവുന്നത് ഘോരവനത്തിലേക്കാണ് കുടിൽകെട്ടി തുടങ്ങണം പാഞ്ചാലിയുമൊത്തു കുടുംബജീവിതം അഞ്ചുപേരിൽനിന്നും ഗർഭം ധരിച്ച പാഞ്ചാലി കുട്ടികൾക്കു ജന്മം നൽകണം പോറ്റിവളർത്തണം ഭാവി ശോഭനമാവുമോ പണിയെടുത്തു നടുവൊടിക്കുമോ എന്ന് ആധിപ്പെടുന്ന ജീവിത ക്രമത്തിൽ നിന്നും “ഞാൻഗാന്ധാരിക്കൊപ്പം” എന്ന വാക്കുകളിലൂടെ. ഹസ്തിനപുരിയിൽ. മക്കൾക്കെന്തു സഹായം നേടിക്കൊടുത്തു എന്നാണു ചാർവാകന്റെ ചോദ്യം. അന്തഃപുരവാർത്തകൾ യുധിഷ്ഠിരന് കൈമാറാൻ നിങ്ങൾക്ക് കഴിഞ്ഞുവോ?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

“അവിവാഹിതരായിരിക്കെ പാണ്ഡവർക്ക് ഞാൻ നേതൃത്വം കൊടുത്തു ആപൽഘട്ടങ്ങളിൽ തുണച്ച അഞ്ചു വധുക്കളാൽ പൊട്ടിത്തകരുമായിരുന്ന പാണ്ഡവകൂട്ടായ്മ നിലനിർത്താൻ ബഹുഭർതൃത്വത്തിൽ പാഞ്ചാലിയെ തളച്ചു. മധുവിധു ഗർഭധാരണം, പ്രസവം, നവജാത ശിശുക്ഷേമം, സ്വാതന്ത്ര്യം വിട്ടുകൊടുത്തു. ഞാൻ മഹാറാണിയായ കാലത്തു ഇളമുറ റാണിപദവി മാത്രമുണ്ടായിരുന്ന ഗാന്ധാരിക്കൊപ്പം അന്തഃപുരത്തിൽ. ചാര കണ്ണിയാവാതെ, പൂങ്കാവനം ചിത്രമെഴുത്തു പ്രകൃതിജീവനം എന്നീ ജീവിതാഭിലാഷങ്ങളുമായി മുന്നോട്ടുപോയി. ഇതിലൊക്കെ ചാർവാകനോടെന്നല്ല, ഞാൻ ആരോട് പറയണം എന്ത്?”

“ഇതാ എന്റെ പ്രിയപ്പെട്ടവൾ കഴഞ്ഞുവീണ എന്ന് പ്രണയഭീമൻ നിങ്ങൾക്കരികിലേക്കൊരു കൊച്ചുകുട്ടിയെപോലെ വിലപിച്ചപ്പോൾ, ‘അർജ്ജുനനുമായി അഞ്ചിലൊന്നിലധികം അനർഹമായി അഭിരമിച്ചതുകൊണ്ടെ’ന്നു നിങ്ങൾ ‘ദാർശനികനോട്ട’ത്തോടെ നിരീക്ഷിച്ചതിൽ നിന്നെന്താണ് വായിച്ചെടുക്കേണ്ടത്?,. ‘മഹാപ്രസ്ഥാന’ത്തിലും പരിത്യാഗികളാവാതെ ‘തിരുഹൃദയ’ങ്ങൾ കഴഞ്ഞുമറിയുന്നത് ബഹുഭർതൃത്വ രതിമാത്സര്യത്തിലെന്നോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“അവൾ ഞങ്ങളെ നിഷ്ക്കരുണമായി മോഹിപ്പിച്ചതൊന്നും നിങ്ങൾ അംഗീകരിച്ചമട്ടില്ലല്ലോ. എല്ലാം മറന്നു അവൾക്കു ഇരുകൈകളും നീട്ടിയപ്പോളവനെന്നെ ‘കപടനാട്യക്കാരൻ’ എന്നവമതിച്ചു. ഇതാ, യാത്ര പറയാതെ പൊട്ടുന്നനെ അവസാനിക്കുമ്പോൾ, ഞങ്ങൾക്കങ്ങനെ തിരിച്ചടിക്കാൻ വിശ്വപ്രകൃതിയിൽനിന്നും പിടിവള്ളി. അർജ്ജുനനുമായി എക്കാലവും പുലർത്തിയ ‘അവിഹിതബന്ധം’ ഉച്ചത്തിൽ പരസ്യമാക്കുക!, അത്രയല്ലേ ‘അഹിംസാത്മകമായി ചെയ്യാനാവൂ!”, കൂടെകൂടിയ നായ വാലാട്ടി.

◇ 2024/09/12 ◇

“ആയുധമത്സരത്തിൽ അവൻ ജയിച്ചുവോ? അതോ, തിരു ഹൃദയം കബളിപ്പിക്കലിലൂടെ കവർന്നുവോ?”, കൊട്ടാരം ലേഖിക പാഞ്ചാല രാജകുമാരിയുടെ മുമ്പിൽ മുട്ടുകുത്തി കൈമുത്തി. സ്വയംവരത്തിനു ശേഷം വധു ആശംസ സ്വീകരിക്കുന്ന നേരം.

“ബന്ധുക്കൾ പ്രകടിപ്പിച്ച ആശയക്കുഴപ്പം നിഷേധിക്കുന്നില്ല. കൃഷ്ണൻ വഴി കേട്ടറിഞ്ഞ അർജ്ജുനൻ യുവപോരാളി. എന്നാൽ മത്സരത്തിൽ ജയിച്ച എന്ന സാങ്കേതിക കാരണത്താൽ അനധികൃതമായി സ്വന്തമാക്കിയ, ആ ശോഷിച്ച ‘ബ്രാഹ്മണൻ’ സ്വത്വം വെളിപ്പെടുത്തണം എന്നു തന്നെയാണ് ധൃഷ്ടദ്യുമ്നൻ മുന്നോട്ട് വച്ച ആവശ്യം. “നിങ്ങൾ ശരിക്കും ആരാണ്” എന്നു ചോദിച്ചപ്പോൾ, വാരണാവതം അരക്കില്ലം ശത്രുനീക്കം ഏകചക്ര, പരസ്പര ബന്ധമില്ലാതെ ‘മത്സര വിജയി’ പുലമ്പി. അസ്തിത്വ പ്രതിസന്ധി നേരിടുന്നുണ്ട് എന്ന് വ്യക്തമായി. ഹസ്തിനപുരിയിൽ നിന്നും മത്സരാർത്ഥിയായിവന്ന ഒരു യുവകോമളൻ ദുര്യോധനൻ, രഹസ്യമായി പറഞ്ഞു, അന്നം ചോദിച്ച ആറോളം ആദിവാസികളെ ചുട്ടുകൊന്ന കുന്തിയും മക്കളും ഈ വഴി ഒരു പക്ഷേ, വരും, എന്ന ചാരമൊഴി സഹോദരൻ ധൃഷ്ടദ്യുമ്നനെ അറിയിക്കുമല്ലോ. മത്സരാർത്ഥിയാവാൻ മടിക്കില്ല. കണ്ണിൽ പെടാതിരിക്കാൻ കൃത്രിമവേഷം ധരിക്കാനും തയ്യാറാവും. കബളിപ്പിക്കപ്പെടാതിരിക്കാൻ കരുതൽ വേണം മത്സരം ജയിച്ചിട്ടും അവഗണനയിൽ ബ്രാഹ്മണവേഷധാരികൾ ഒതുങ്ങി.”

◇ 2024/09/13 ◇

“‘‘എന്ത് പറ്റി ഉണ്ണീ!” എന്ന് വിലപിച്ചു നിങ്ങൾ ദുര്യോധനന്റെ അരികിലേക്കോടിച്ചെന്നതു ഭീമനെ പ്രകോപിപ്പിച്ചല്ലോ. ഭീമനേട്ടം അഭിനന്ദിക്കുന്നതിനു പകരം നിങ്ങൾ, ‘തനിസ്വഭാവം’ കാണിച്ച എന്നാണു നകുലൻ നിരീക്ഷിച്ചതു”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. പതിനെട്ടാം ദിവസം സന്ധ്യ.

“മതിപ്പുതോന്നുന്ന പ്രവർത്തി കൗരവൻ ചെയ്യുന്നതു കണ്ടിട്ടും, പ്രതിയോഗിയായി ആക്രമിച്ചിട്ടുണ്ട്. പൊതുഇടത്തിൽ കൗരവമുഖ്യൻ മാരകമായി മുറിവേൽക്കുമ്പോൾ, ആക്രമിച്ചതു പാണ്ഡവനാണെങ്കിലും, മുറിവേറ്റവനെ സാന്ത്വനിപ്പിച്ചിട്ടുണ്ട്. വിധി എഴുതുകയാണെങ്കിൽ, ‘കാപട്യത്തിന്റെ നിറകുടം’മെന്നൊന്നെ വിശേഷിപ്പിക്കാം. തിരക്കുണ്ട്. ഹസ്തിനപുരിയുടെ അഖണ്ഡത സംരക്ഷിക്കാൻ പോർക്കളത്തിൽ ജീവത്യാഗം ചെയ്ത കൗരവർക്കാത്മശാന്തിക്കായി പാണ്ഡവപാളയത്തിൽ കൂട്ടപ്രാർത്ഥനക്കു ക്രമീകരണങ്ങൾ പരിശോധിക്കണം. ജേതാവെങ്കിലും കരളില്വുണ്ട് കനിവ്!”

“കൗന്തേയരും തുടങ്ങിയോ ചിത്രരചന?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. പാണ്ഡവഭരണത്തിന്റെ അവസാനകാലം.

“ഭീമൻ സ്മൃതിനാശരോഗി എന്നു നിങ്ങൾ അരമനവാർത്ത പൊലിപ്പിച്ചശേഷം, ഞാനും സഹദേവനും, ജൈവപിതൃക്കളായ സ്വർഗ്ഗരാജ്യ ആസ്ഥാനവൈദ്യന്മാർ അശ്വിനിദേവതകളെക്കണ്ടു, ഇനിയെന്തു തുടർചികിത്സ വേണമെന്നു ചോദിച്ചിരുന്നു. ഭീമന്റെ ഭ്രൂതകാലജീവിതവുമായി ബന്ധപ്പെട്ടവരുടെ ഛായാചിത്രങ്ങൾ നിറക്കൂട്ടോടെ വരക്കാൻ പരീക്ഷണാടിസ്ഥാനത്തിൽ അശ്വിനീ ദേവതകൾ ഉപദേശിച്ചു. ഭീഷ്മ, ദ്രോണ, വിദുരരുടെ ചിത്രങ്ങൾ കാണിച്ചു, ആരെയും തിരിച്ചറിഞ്ഞില്ല. പോരാട്ടഭൂമി പശ്ചാത്തലത്തിലുള്ള മുഖ്യകഥാപാത്രങ്ങളുടെ ചിത്രരചനകൾ പിൻവലിക്കും മുമ്പ്, ഘടോൽക്കച ചിത്രം ഒരുൾപ്രേരണയിൽ, ഞങ്ങൾക്കിടയിലെ ദാർശനികൻ കൂടിയായ സഹദേവൻ വരച്ചുകാണിച്ചു. അതിൽ തറച്ച ഭീമനേത്രങ്ങൾ ജലാർദ്രങ്ങളായി. മുഖം ചുവന്നു തുടുത്തു, “പ്രിയപ്പെട്ടവനെ, അർജ്ജുനനെ കർണ്ണന്റെ കുന്തമ്പിൽ നിന്നും രക്ഷിക്കാൻ നിന്നെ കുരുക്ഷേത്രയിൽ കൃഷ്ണൻ കൊണ്ടുവന്നു. ചതിക്കപ്പെട്ടുകയാണെന്നറിഞ്ഞിട്ടും നീ പിതൃ സഹോദരൻ പാർത്ഥന്റെ ജീവൻരക്ഷക്കായി സ്വയം ബലിദാനിയാവാൻ, ശത്രുകർണ്ണനു മുമ്പിൽ പോരാടി, കർണ്ണദിവ്യാസ്ത്രത്തിൽ നീ അങ്ങനെ ഞങ്ങളുടെ കൺമുമ്പിൽ കത്തിയമർന്നു.” എന്നു വിലപിച്ചു കൊണ്ടവൻ സംരക്ഷിതവനത്തിലൂടെ ‘മകനേ പ്രിയപ്പെട്ടവനേ’ നിലവിളിയോടെ താളം തെറ്റിയിരിക്കയാണ്. വരക്കാൻ ഇനി ദുശ്ശാസനമുഖവും വസ്ത്രാക്ഷേപവും. സ്മൃതി നാശചികിത്സക്കായി, സ്ത്രീവിരുദ്ധ ദുശ്ശാസനനെ പാണ്ഡവർ പൊതുചെലവിൽ ചിത്ര കഥാപാത്രമാക്കുന്നതിൽ പാഞ്ചാലിക്കെതിർപ്പുണ്ടെങ്കിലും പരീക്ഷണ വര തുണക്കുമോ ഒരുണർത്തുപാട്ടാക്കാൻ!”

“കൗരവർ നിങ്ങളോടു ചെയ്ത അന്യായത്തിനു വിധവകൾ എന്ത് പിഴച്ചു എന്ന നിലപാടിനെന്തുണ്ട് മറുപടി?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“അർജ്ജുനന്റെ നേതൃത്വത്തിൽ സ്വയം ‘സുഖവാസകേന്ദ്രം’ വനവാസക്കാലവസതി ഉണ്ടാക്കി. ആറുപേർക്കു ആറുമുറികൾ, പാഞ്ചാലിയുടെ മുറിക്കു മാത്രമായി അകത്തു സാക്ഷയുള്ള വാതിൽ. ആരാണ് ഇടപെട്ടതെന്നറിയില്ല തറവിസ്തീർണ്ണം അടയാളപ്പെടുത്തി കൗരവആജ്ഞ കഴുതപ്പുറത്തു വന്നു. നോക്കിയപ്പോൾ, ഒരു കൊച്ചു കിടപ്പറ മാത്രം. ഉറക്കം മാത്രമായിരുന്നില്ല പ്രശ്നം, എന്ത് സൗജന്യ പ്രകൃതി ഉപയോഗിക്കുന്നതിലും കാണും കർശന കൗരവനിരീക്ഷണ കണ്ണു. അടിമത്തം മോശം ‘ആശയം’ മാത്രമല്ലെന്ന് വ്യക്തമായ ആസുരകാലം. ഇരിക്കുന്നതും നിൽക്കുന്നതും ഉറങ്ങുന്നതും ഇണചേരുന്നതും വിശ്രമിക്കുന്നതും കൗരവർ ഉറ്റ നോക്കുന്നുണ്ട് എന്ന അശാന്ത തിരിച്ചറിവിൽ! ഉറപ്പിച്ചു, അവസരം കിട്ടിയാൽ തിരിച്ചടിക്കുക കൗരവരുടെ ‘തറവിസ്തീർണ്ണം’ മാത്രമാവില്ല: വിരൽ കീറി രക്ത പ്രതിജ്ഞ. കൗരവ രാജവിധവകളെ കൊട്ടാരത്തിലെ അന്തഃപുരത്തിൽ നിന്നും കുടിയിറക്കി പുനരധിവാസഇടുക്കുതൊഴുത്തിൽ പാർപ്പിക്കാൻ ഉറപ്പിച്ചത് അങ്ങനെ. അവർക്കുവേണ്ടി ചെലവഴിക്കരുത് നിങ്ങൾ എഴുത്താണിയും ചുവരെഴുത്തും!”

“അംഗരാജാവ് കർണനെ നീ രാജവസതിയിൽ, അഭിമുഖം ചെയ്തെന്നോ, അതോ നിന്നെ കർണ്ണൻ ചെയ്തവോ അഭിമുഖം?”, യുദ്ധകാര്യ ലേഖകൻ അവിശ്വാസത്തോടെ കൊട്ടാരം ലേഖികയോട് ചോദിച്ചു. ഊട്ടുപുരയിൽ പ്രഭാതഭക്ഷണം കഴിക്കുകയായിരുന്ന ഇരുവരും.

“കാലിന്മേൽ കാൽകയറ്റിവച്ച് കൈവിറപ്പിച്ചു കർണ്ണൻ രാഷ്ട്രീയ ശരിയല്ലാത്തവിധം കണ്ണുരുറിച്ചു നോക്കി.”

“നീ ഏതു സൂതന്റെ മകൾ?” എന്നായിരുന്ന വിരൽ ചൂണ്ടി ആദ്യചോദ്യം, “സൂതകുടുംബമല്ലെന്നു” പറഞ്ഞപ്പോൾ, മറച്ചുവെക്കാത്ത ആകാംക്ഷയോടെ, “എന്നാൽ നീ ഏതു കൗരവന്റെ മകൾ?”, എന്നായി. കൌരവകുടുംബമല്ലെന്നു അനിഷ്ടത്തോടെ പറഞ്ഞപ്പോൾ, “പിന്നെ നീ?” എന്ന് കാൽ ഇറക്കിവച്ച് എനിക്കു നേരെ വിരൽചൂണ്ടി. ജ്വാലാമുഖി പുരോഹിതനു ദേവനർത്തകിയിൽ ജനിച്ചവൾ, ആദ്യകൊട്ടാരം ലേഖിക കൂടിയായ അമ്മ എന്ന് കുടുംബവൃക്ഷം വിസ്തരിച്ചപ്പോൾ, എഴുന്നേറ്റു കൊച്ചുകുട്ടിയോടെന്നപോലെ കെട്ടിപ്പിടിച്ചു മുത്തമിട്ടു, “എങ്കിൽ പ്രിയേ, നാം ഇരുവർക്കും അതീതശക്തികളുടെ അതിവിശിഷ്ട ജനിതകം! “ദിവ്യകവചങ്ങൾ വലിച്ചൂരി അപരിചിതന് ദാനം ചെയ്തിട്ടും, ആഭിജാത്യത്തിന്റെ അടിവസ്ത്രം അഴിച്ചുമാറ്റാത്ത, സഭാപതി!”, കുടുംബപുരാണം കേട്ട് വലഞ്ഞ യുദ്ധകാര്യ ലേഖകൻ പനയോലയും എഴുത്താണിയുമായി തൊഴിലിടത്തേക്കു നീങ്ങി.

◇ 2024/09/14 ◇

“മന്നനല്ലേ മദ്ര രാജാവ്! എന്നിട്ടുമെന്താ കുരുക്ഷേത്രയിൽ സൂത പുത്രനായ കർണ്ണന്റെ തേരാളിയായത്? പോരാട്ടം കാണുന്ന കുരുക്ഷേത്രവാസികൾ ചോദിക്കുന്നല്ലോ. യുദ്ധരംഗത്തില്ലുമില്ലേ, രാജവംശങ്ങളുമായി ബന്ധപ്പെട്ട ശ്രേണീബന്ധങ്ങളിലെ വല്യപ്പച്ചെറുപ്പങ്ങൾ? അതോ, ദുര്യോധനൻ നിങ്ങളെ കുരുക്കിയോ?”, മാദ്രിസഹോദരനായ ശല്യൻ എന്ന രാജാവിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“പരേതസഹോദരി മാദ്രിയുടെ പുത്രന്മാരായ നകുലനെയും സഹദേവനെയും മറന്നിട്ടൊന്നമല്ല കൗരവസഖ്യ കക്ഷിയായി കുരുക്ഷേത്രത്തിൽ, എന്ത് ചെയ്യാനും, മദ്ര സൈന്യത്തോടൊപ്പം ഇറങ്ങിയത്. യുവമാദ്രിയെ പാണ്ഡു ചിതയിലെറിഞ്ഞ കൗശലക്കാരി കുന്തിയോടെനിക്കുള്ള നീരസം മറച്ചുവക്കുന്നില്ലെങ്കിലും, മാദ്രിപുത്രന്മാർ യുദ്ധാനന്തരം കൗന്തേയരിൽ നിന്നും നേരിടാവുന്ന അധികാരഭീഷണി കണക്കിലെടുക്കേണ്ടേ? കർണ്ണൻ രക്ഷപ്പെട്ടാൽ, പാണ്ഡവർക്കുമേലെ മൂപ്പിളമ ഉന്നയിച്ചു, നകുലനെയും സഹദേവനെയും പാർശ്വവൽക്കരിക്കുമെന്നതാണ് സാധ്യത. മാദ്രി പുത്രന്മാർ കഥയൊന്നുമറിയാതെ എന്നെ വധിച്ചാലും, കുരുക്ഷേത്രക്കു ശേഷം അവരുടെ താൽപ്പര്യം സംരക്ഷിക്കുകയെന്നതല്ലേ മാദ്രിസഹോദരൻ ഏറ്റെടുക്കേണ്ട നിയോഗം? സൂക്ഷ്മതയോടെ ചെയ്യുമ്പോൾ, ‘യുദ്ധമുറ’കൾ കർണനുനേരെ, തേരാളിയെന്ന നിലയിൽ, പ്രയോഗിക്കും. സർവ്വ സൈന്യാധിപനാണവൻ എന്ന പരിഗണന കൊടുക്കാതെ, പരിഹസിക്കും, ആജ്ഞ തിരസ്കരിക്കും, ആപത്തിൽ പിന്തുണക്കാതെ മാറിനിൽക്കും, കൊലചെയ്യപ്പെടുന്നത് കൗതുകത്തോടെ നോക്കിനിൽക്കും. മാദ്രരക്തം ജലത്തേക്കാൾ സാന്ദ്രത കൂടിയതാണെന്നപ്പോൾ പുറംലോകം അറിയും!”

“പരമാധികാരം ദുഷിപ്പിക്കുന്ന എന്ന്, ദാർശനികനെ പോലെ വിദൂരതയിലേക്ക് നോക്കി നിരീക്ഷിച്ചതുകൊണ്ട് ചോദിക്കട്ടെ, അധികാരവിസ്തൃതി പോരാ എന്ന് തോന്നിയതുകൊണ്ടാണോ, സത്യവതി തീരുമാനിച്ചത്, ശന്തനുവിന് ‘അന്ത്യരഥയാത്ര’ക്ക് സമയമായി!”, കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു. സത്യവതി, പുത്രവിധവകളായ അംബിക അംബാലിക എന്നിവർക്കൊപ്പം വനവാസത്തിനു പടിയിറങ്ങുന്ന പ്രഭാതം.

“അതുകൊണ്ടല്ലേ എന്റെ അച്ഛൻ ശന്തനുവിന്റെ മരണത്തിൽ അന്നേ തോന്നിയ ദുരൂഹത അന്വേഷിക്കാൻ എനിക്കാവാതെ പോയതും? സത്യവതി എന്റെ ചിറ്റമ്മയാണെങ്കിലും (എന്റെ ‘അമ്മ ഗംഗയെ ഇതിൽ നിങ്ങൾ കൂട്ടിപ്പറയരുത്!), പ്രായത്തിൽ ഇളമുറ. അധികാരമോഹിയാണ് അവളെന്നു വിളിക്കുന്നത് അവഹേളനപരമായിട്ടല്ല അധികാര അഭിലാഷം സൂചിപ്പിക്കാൻ. പരിഭവം അതൊന്നുകൊണ്ടുമല്ല. പവിത്രമെന്നു അതുവരെ സ്വകാര്യ അഹങ്കാരമായി മേനിനടിച്ച ആജീവനാന്ത ബ്രഹ്മചര്യത്തിൽ നിഷ്പയാസം സത്യവതി വിള്ളൽ വീഴ്ത്തി. നോട്ടം സ്പർശം വാമൊഴി—ഓരോന്നിലും, കത്തുന്ന പെൺ സ്വാധീനമായിരുന്ന അവളുടെ മധ്യവയസ്സിലും. പാണ്ഡു ചിതയിൽ ബലിയായ മാദ്രിയെ നിങ്ങൾ മഹത്വപ്പെടുത്തുമ്പോൾ, ഉള്ളിൽ ഞാൻ ചോദിക്കും, എത്ര നിസ്സാരമായാണ്, സതി ചെയ്യാതെ, അന്തഃപുരത്തിൽ ‘സ്ഥിരം ക്ഷണിതാ’വാക്കി എന്നെ വരുതിയിലാക്കിയതും, ഭരണചക്രം തിരിക്കുന്ന മഹാറാണിയായതും. ഗംഗയാറൊഴുകുന്ന ഈ നാട്ടിലെ ഏകാധിപതിയായതും. ഈ പ്രായത്തിൽ എന്നെ ഓർമ്മിപ്പിക്കരുതേ, ഓർമ്മ പൊട്ടിച്ചിതറും!”

“വിരാടയിൽ പാചകക്കാരൻ ആയിരുന്നയാൾ യുദ്ധാനന്തര ഹസ്തിനപുരി കൊട്ടാരത്തിൽ പ്രതിരോധ വകുപ്പ് മേധാവി! എങ്ങനെ വിലയിരുത്തുന്നു ഊട്ടുപുരയിൽ തിളച്ചുമറിയുന്ന ആ ഒളിവുകാലഘട്ടം?”, കൊട്ടാരം ലേഖിക ചോദിച്ചു.

“വിയർത്തദ്ധ്വാനിച്ചു വേണം നീ മൂന്നു നേരവും വിശപ്പടക്കാൻ, എന്ന ബോധോദയമുണ്ടായി. വനവാസക്കാല അക്ഷയപാത്ര ഭക്ഷണത്തിന്റെ വിപണിവില, വിരാടഊട്ടുപുരയിൽ വിശ്രമ മില്ലാതെ ദേഹാദ്ധ്വാനം ചെയ്തു, കൂട്ടുപലിശയടക്കം പ്രകൃതിക്കു തിരിച്ചടച്ചു എന്ന ആശ്വാസത്തോടെയാണ്, വിരലിൽ എണ്ണാനുള്ള സൈന്യമില്ലാത്ത ഹസ്തിനപുരിയിൽ പ്രതിരോധ ചുമതല! ശിരസ്സിൽ കൈവച്ചു അനുഗ്രഹിക്കൂ”.

“പുരോഗമനവാദികളായ ഞങ്ങൾ അനുവദിച്ച ആവിഷ്കാര സ്വാതന്ത്ര്യം ദുരുപയോഗം ചെയ്തു, നേരം വെളുത്താൽ അരമന ഊട്ടുപുരയിൽ സൗജന്യ ഭക്ഷണവും കഴിച്ചു അന്തഃപുരത്തിണ്ണ നിരങ്ങി കൊട്ടാരം ലേഖിക നാണമില്ലാതെ ചോദിക്കുന്ന ഓരോ തലതിരിഞ്ഞ ചോദ്യത്തിനും നീ, വസ്തുതക്ക് ചേരാത്തവിധം മറുപടി പറയുന്നു എന്ന് അഞ്ചുപേർക്കും കുറച്ചുകാലമായി, പാഞ്ചാലി നിന്നോട് പരിഭവമുണ്ട്. കൗരവരാജ വധുക്കൾ ഹസ്തിനപുരിയിൽ പറഞ്ഞു രസിക്കാൻ വേണ്ട അരമനവിഴുപ്പ് നിർമ്മിതി, ഞങ്ങളുടെ ചെലവിൽ വേണോ? ദുഷിക്കണോ?”, യുധിഷ്ഠിരൻ പാഞ്ചാലിയോട് ചോദിച്ചു. മറ്റു പാണ്ഡവർ സന്ദർഭത്തിനുയോജിച്ച ഗൗരവമുഖഭാവങ്ങളോടെ പിന്തുണച്ചു.

“സന്തുഷ്ടദാമ്പത്യമാണിവിടെയെന്നു ‘വസ്തുത’ക്കു ചേരുന്ന’ വിധം ഉദാഹരണങ്ങൾ തറപ്പിച്ചു പറഞ്ഞാൽ, പാണ്ഡവർക്ക് തിരിച്ചു കിട്ടുമോ, ചൂതുകളിയിൽ നഷ്ടപ്പെട്ട സ്വത്തും പൗരാവകാശവും?”

“അഴിഞ്ഞുലഞ്ഞു മുഖമടച്ചുകിടക്കുന്ന മുടി പതിമൂന്നു വർഷങ്ങൾക്കുശേഷം കെട്ടിവക്കണമെങ്കിൽ, ചുടുകൌരവച്ചോര പുരട്ടണമെന്നത് പ്രതിജ്ഞയിൽ ഒഴിവാക്കാനാവാത്ത ഒരാവശ്യമാണോ, അതോ, ‘തൈലം’ ആലങ്കാരികമാണോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“ദിവ്യായുധങ്ങൾ കൊണ്ടാണ് പാണ്ഡവർ യുദ്ധം ചെയ്യുകയെന്ന് പായക്കുട്ടിൽ മേനിപറയുമെങ്കിലും, യുദ്ധകാഹളമുയർത്തി കൗരവരെ കുരുക്ഷേത്രയിലെത്തിക്കാൻ ഈ ചോരപ്പൊരുമ ഇടയ്ക്കിടെ മുടികൊണ്ടെന്റെ മുഖംമൂടി അതിഭാവുകത്വത്തിൽ ഞാൻ വർണിക്കണം”. കെട്ടിവച്ചില്ലെങ്കിലും നിത്യവും കഴുകിയുണക്കിയ മുടിയവൾ ആകർഷക കൈനീക്കത്തിൽ പിന്നിലെക്കെറിഞ്ഞു പാതിരാ കുരിശുപോലെ ദുരൂഹമായി പുഞ്ചിരിച്ചു.

◇ 2024/09/15 ◇

“നവവധുയായി ഹസ്തിനപുരി വിരുന്നുകളിൽ പങ്കെടുത്ത ദിനങ്ങൾ പങ്കിടാമോ? ‘കൗരവ കുറുനരികൾ’ പാണ്ഡവർക്കെതിരെ അധ്വാനിക്കുന്ന ഇടമാണല്ലോ”, കൊട്ടാരം ലേഖിക ചോദിച്ചു.

“ആരാധനയിൽ കുറഞ്ഞൊന്നും സന്ദർശകരിൽ കണ്ടില്ല. ഗാന്ധാരം മുതൽ കലിംഗംവരെ ചെറുതും വലുതുമായി നൂറോളം രാജവംശങ്ങളിൽ നിന്ന് വന്ന മനോഹരികളായ രാജവധുക്കൾ ആഭരണങ്ങളിലും ഉടയാടകളിലും മുടിയിലും തൊട്ടു ഉപചാരപൂർവ്വം കൌതുകം കാണിച്ചെങ്കിൽ, നിങ്ങൾ പറഞ്ഞ നൂറു ആൺകുറുനരികൾ കമ്പം കാണിച്ചത് അഴകളവുകളിൽ! ഇരുനൂറു കൊതിപ്പിക്കുന്ന ‘കാമാക്ഷികൾ’ നീന്തൽകുളത്തിലും ഊഞ്ഞാലിലും ഗംഗ തീരത്തും ആരാധനയോടെ പിന്തുടരുക, കോരിത്തരിപ്പിക്കുന്ന പൊന്നിൻചെപ്പു ദിനങ്ങൾ! ഇപ്പോഴത്തെ ‘പൂമൂടൽ’ ഉൽസവാന്തരീക്ഷതിനു യോജിക്കാത്ത പന്ത്രണ്ടു കഴുകൻകണ്ണുകൾ എന്നെയപ്പോൾ ഇരയെന്ന പോലെ വേട്ടയാടി: പഞ്ച പാണ്ഡവരും ഒരു കുന്തിയും”.

◇ 2024/09/20 ◇

“ഭർത്തൃമാതാവിനെ പ്രകീർത്തിക്കുന്ന പരിപാടി ചെയ്യാൻ മാത്രം കുന്തി നിങ്ങൾക്ക് ഇപ്പോഴും അത്രമേൽ പ്രിയങ്കരിയാണോ, അതോ?” കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“വൈകാരികവും ഭൗതികവുമായ അകലം പാലിച്ച ആവുന്നത്ര ഞങ്ങളിൽ നിന്നും മാറി നില്ക്കാൻ വിവേകം കാണിച്ച വനിതയാണവർ എന്നതിൽ അഭിപ്രായ സമന്വയമുണ്ട്. പക്ഷേ, ഇന്ന് അരങ്ങേറ്റ മൈതാനത്തിൽ, എന്റെ അവതരണത്തിൽ വരുന്ന നൃത്ത സംഗീത നാടകം അവരെ പറ്റിയല്ല. കാലാതിവർത്തിയാവാൻ കാരണമുള്ള ഗാന്ധാരീ വിലാപമാണ്, സദസ്സിൽ, നിങ്ങളും ഉണ്ടാവില്ലേ?”, പുത്തൻ നൃത്തവസ്തുങ്ങളുമായി തയ്യൽക്കാർ ശ്രദ്ധയാകർഷിച്ചപ്പോൾ അഭിമുഖം നിലച്ചു.

“ദാമ്പത്യബാഹ്യ സ്രോതസ്സുകളിൽ നിന്നാണ്, പാണ്ഡവ കുടുംബ നാമധാരികളുടെ ബീജസമ്പാദനമെന്ന കൗരവ പ്രചാരണം നിങ്ങൾ നിഷേധിച്ചതായി കാണുന്നില്ല. കുന്തിമാദ്രീ മക്കളുടെ ‘പാണ്ഡവത്വ’ത്തെ കുറിച്ചുള്ള കൗരവആരോപണം അടിസ്ഥാന രഹിതമാണോ? അതോ, വസ്തുതാപരമോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“മാതൃത്വമായിരുന്നു മഹനീയ ലക്ഷ്യം. ബീജ ഉറവിടം ദാമ്പത്യത്തിന്റെ വ്യവസ്ഥാപിത അതിർത്തി കടക്കുന്നുവോ എന്ന ചോദ്യത്തിന്, അത്ര മതി ശരിയുത്തരം. ഭർത്താവിന്റെ ലൈംഗികക്ഷമതയെ കുറിച്ച് ആദ്യരാത്രി മുതൽ സംശയം ഉണ്ടായെങ്കിലും, പാണ്ഡു, മഹാരാജാപദവി വഹിക്കുമ്പോൾ, ഷണ്ഡനെന്ന മുദ്രകുത്തി വിവാഹമോചനം നേടാവുന്ന ഭൗതിക സാഹചര്യം എനിക്കുണ്ടായില്ല. ചെങ്കോൽ അന്ധ ധൃതരാഷ്ട്രർക്ക് എറിഞ്ഞു കൊടുത്തു, കാട്ടിലേക്കെന്നെ പറഞ്ഞു പോവുമ്പോൾ, എന്നെ വലിച്ചു കൊണ്ട് പോയി. വനവാസത്തിൽ വന്യഭാവന എന്നെ തുണച്ചു. ലാവണ്യശാരീരികതയുടെ ലൈംഗികാകർഷകത്വം പരമാവധി പ്രയോജനപ്പെടുത്തി, രതിപ്രലോഭനത്തിലൂടെ ആകാശചാരികളെ ഞാൻ ക്ഷണിച്ചു, എന്തു കൊണ്ട് അപൂർവ്വയിനം വൈവിധ്യ സന്താനഭാഗ്യത്തിനു രഹസ്യമായി ശ്രമിച്ചുകൂടാ? അഭിലാഷം പൂവണിഞ്ഞു, പാണ്ഡു മരിച്ചു, ചിതയിൽ മാദ്രിയെ എറിഞ്ഞു, മൊത്തം അഞ്ചു ആൺകുട്ടികളുമായി ഹസ്തിനപുരി കോട്ടവാതിലിനു മുമ്പിൽ നിരാഹാരം കിടന്നു ലോകശ്രദ്ധയാകർഷിച്ചു. ഒരു കുട്ടിക്കും പാണ്ഡുമുഖച്ഛായ ഇല്ലെന്ന ക്ഷുദ്രആരോപണം കൗരവ അന്തഃപുരത്തിൽ നിറഞ്ഞു. വഴി വിട്ട കുന്തി രതിയുടെ സാഹസിക കഥകൾ ‘സർഗാത്മക’ കൗരവർ ആ വിധം മെനയുമ്പോഴും, ധൃതരാഷ്ട്രർ ഔദ്യോഗികമായി പാണ്ഡവ കുട്ടികളെ കുരുവംശ കൂട്ടുകുടുംബത്തിൽ ഉൾപ്പെടുത്തും വരെ, ശ്രമകരമായെങ്കിലും, നയപരമായ മൗനം പാലിച്ചു. പാണ്ഡവർ ഖാണ്ഡവപ്രസ്ഥത്തിലേക്കു പോയി കാട് വെട്ടി സ്വന്തം നാടു സ്ഥാപിച്ചതോടെ, ഇതാവാ തുറക്കുന്നു. ഇനി നിങ്ങൾ രാജമാതാക്കളുടെ ഈറ്റില്ലത്തിൽ തെളിവ് പെറുക്കാൻ ചുറ്റിക്കറങ്ങുന്നത് കണ്ടാൽ...” നഖമുള്ള ചൂണ്ട വിരൽ കൊട്ടാരം ലേഖികയുടെ കണ്ണിനു നേരെ കുന്തി കുറ്റകൃത്യത്തിനെന്നപോലെ നീട്ടി!

◇ 2024/09/21 ◇

“ഇതാണോ നിയുക്ത മഹാറാണി പാഞ്ചാലിയുടെ ഔദ്യോഗിക വസതി?”, നിലവിലുള്ള ധൃതരാഷ്ട്ര ഭരണകൂടത്തിലെ കൊട്ടാരം സർവാധികാരിക്ക് നേരെ പാഞ്ചാലി ക്രോധം മറച്ചുവച്ചു വിരൽ ചൂണ്ടി.

“പദവി സംബന്ധിച്ച് നിങ്ങൾക്ക് പറ്റിയ തെറ്റ് ആദ്യം തിരുത്തട്ടെ. പാണ്ഡവർ യുദ്ധം ജയിച്ച എന്ന് യുദ്ധനിർവ്വഹണ സമിതിയുടെ അധ്യക്ഷൻ കൊടുക്കേണ്ട സാക്ഷ്യപത്രം കിട്ടിയിട്ടില്ല. കിട്ടിയാൽ, പരിശോധിച്ച് ധൃതരാഷ്ട്രരിൽ നിന്ന് ചെങ്കോൽ ഏറ്റുവാങ്ങാൻ യുധിഷ്ഠിരന് വിലക്കൊന്നും ഇല്ലെങ്കിൽ, (വനവാസ ശിക്ഷകാലാവധി കഴിഞ്ഞാലും, പൗരാവകാശം സംബന്ധിച്ച വ്യക്തത വരണം) നിങ്ങൾക്കു അർഹതപ്പെട്ട പട്ടം ‘മഹാറാണി’ എന്ന് മാത്രമാണ്. അതും, വേറെ ഭാര്യ ഇല്ലെന്ന നിയുക്തരാജാവ് യുധിഷ്ഠിരൻ സത്യവാങ്മൂലം തരണം. ഇന്ദ്രപ്രസ്ഥത്തിൽ നിങ്ങൾ സ്വയം ചക്രവർത്തിനി എന്ന് വിളിച്ചിരുന്ന എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. ‘വിരൽ ചൂണ്ടി’യുള്ള ചോദ്യത്തിലേക്ക് വന്നാൽ, നിങ്ങൾക്കായി കരുതിവച്ച ഔദ്യോഗിക വസതിക്കെന്താ ഒരു കുഴപ്പം? സൂക്ഷിക്കുക, എന്റെ നേരെ നിങ്ങൾ കുതിരകയറണ്ട. ഞാൻ അംഗപരിമിതൻ, അതുകൊണ്ട പാണ്ഡവ വിഘടന വാദികൾക്കെതിരെ കുരുക്ഷേത്രയിൽ യുദ്ധസേവനത്തിനു ശാരീരികയോഗ്യതയില്ലാതെ ഇപ്പോൾ കൊട്ടാരഭരണം ചെയ്യുന്നു. ഈ കാണുന്ന രാജവസതിയിലാണ് എന്റെ അച്ഛനും, കൗരവരാജ കുമാരനുമായിരുന്ന ദുര്യോധനൻ കഴിഞ്ഞ അമ്പതു കൊല്ലം ഭാര്യയുമൊത്ത് അന്തിയുറങ്ങിയത്. ഏക ഭാര്യ ഏകഭർത്താവു. കൌതുകം തോന്നുന്നുണ്ടല്ലേ? ശത്രുനാശത്തിനു കാളിപ്രീതിക്കായി ഈ വസതിയിൽ മൃഗബലി ചെയ്തിരുന്നെങ്കിലും, സ്ഥിരം ശ്രുചീകരണ തൊഴിലാളിക്ക് കുരുക്ഷേത്രയിൽ നിർബന്ധിത സേവനം ആയിരുന്നതുകൊണ്ട്, ഒരു മാസമായി അടിച്ചുകഴുകൽ ഉണ്ടായില്ല, അത് കൊണ്ടെന്താ? പന്ത്രണ്ടുവർഷം സന്യസ്ഥാശ്രമങ്ങളിലെ ജൈവമാലിന്യം സ്വയം കോരി നീക്കി വിസർജ്ജ്യ ശ്രുചീകരണതൊഴിലിൽ നൈപുണ്യ വികസനം നേടിയ പരിചയ സമ്പന്നയല്ലെ? ആഞ്ഞുപിടിച്ചാൽ നിങ്ങൾക്കും ഭർത്താക്കന്മാർക്കും സുഖവാസയോഗ്യമാക്കിക്കൂടെ ചരിത്രപ്രാധാന്യമുള്ള ദുര്യോധന വസതി? ഇത് ഔദ്യോഗികമായി എന്നെന്നും അറിയപ്പെടണ്ടതും ‘ദുര്യോധന നിവാസ്’ എന്ന ആ പേരിൽ തന്നെ”, കൊട്ടാര താക്കോൽ സൂക്ഷിപ്പുകാരന്റെ വാക്കുകൾ പുരോഹിത മന്ത്രോച്ചാരണം പോലെ ആചാരസമൃദ്ധമായിരുന്നു

◇ 2024/09/22 ◇

“ഭീമനല്ല കീചകകൊലയാളി എന്നു പറയാൻ തെളിവുണ്ടോ?” പത്രപ്രവർത്തകരുടെ പെരുമാറ്റച്ചിട്ട പാലിച്ചുകൊട്ടാരം ലേഖിക ചോദിച്ചു. ‘ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ’ എന്ന ഭീഷ്മ വാഴ്ത്താരി ഹസ്തിനപുരി നഗരവാസികൾ ആവേശത്തോടെ ആവർത്തിക്കുന്ന ദിനങ്ങൾ.

“കീചകമണ്ഡപം ചുറ്റിനടന്ന പത്രപ്രവർത്തകയല്ലേ നിങ്ങൾ? നേരിൽ കണ്ടതൊക്കെ മനസ്സിന്റെ മുൻനിരയിലേക്ക് കൊണ്ടുവരൂ. ഉണ്ടെണീറ്റാൽ നിലത്തു വറ്റും ചാറും, എല്ലും മുള്ളും, ചിതറിക്കിടക്കുന്ന ഒന്നല്ലേ ഭീമന്റെ തീൻമുറി മര്യാദ? ഒരു മാലിന്യപ്രിയനെങ്ങനെ ശുചിയായി നിർവഹിച്ച കീചകക്കൊലയുടെ കാർമികത്വം മികവോടെ ചെയ്യാനാവും? കൊട്ടാരം വൈദ്യൻ ജഡം വെട്ടിമുറിച്ചൊന്നും നോക്കിയില്ലെങ്കിലും വിവസ്ത്രയുടൽ തിരിച്ചും മറിച്ചും വെളിച്ചത്തിൽ പരിശോധിച്ചു. ഗാഢമായി ഉറങ്ങുന്നവനെ പോലെ ആ പച്ചപ്പരിഷ്കാരി ജീവൻമുക്തിയിൽ. കങ്ങിയ കഴുത്തോ, ചുണ്ടിൽ കട്ടകെട്ടിയ ചോരയോ, തുറിച്ച കണ്ണുകളോ പൊട്ടിയ നെഞ്ചിൻകൂടോ, മാത്രമോ, അവന്റെ അടിവസ്ത്രത്തിൽ വിസർജ്ജ്യം പണത്തൂക്കം പോലുമില്ല, എന്നല്ലേ ശരീരപരിശോധകൻ അഭിമാനത്തോടെ അവകാശപ്പെട്ടത്. എന്നുപറഞ്ഞാൽ, പരപീഡനമേറ്റ പാട് ഒന്നുമില്ല. കൊലയാളി വേറെ ആരായാലും, ഞങ്ങളുടെ ഊട്ടുപുര പാചകക്കാരൻ കൂടിയായ നിങ്ങളുടെ ഭീമനല്ല എന്ന് ലോകത്തോട് വിളിച്ചു പറയുന്ന പോലെ! അറക്കാൻ ഒരു കാളക്കുട്ടിയെ കിട്ടിയാൽ പോലും കാട്ടുപോത്തിനെ കൊല്ലാനുള്ളത്ര ബലം ഉപയോഗിക്കുന്നൊരു പരുക്കൻ പോരാളിയുടെ ഭീഷണ സാന്നിധ്യം കീചകജഡത്തിൽ ഇല്ല എന്നു ഞാൻ പറഞ്ഞാൽ കാണികൾ എന്തുകരുതണം? കൊലയുടെ ഉദ്ദേശ്യ ലക്ഷ്യം ദേശീയ സുരക്ഷയിൽ ഞങ്ങൾ പുറത്തു വിടുന്നില്ല, എന്നാൽ കൊലയുടെ നാഥൻ ഭീമനല്ല എന്നതൊരു സാമാന്യയുക്തി, വേറെ തെളിവൊന്നും മനഃസ്സാക്ഷി ചോദിച്ചില്ല”, കീചകസഹോദരിയും മഹാറാണിയുമായ സുദേഷ്ണയുടെ ഭർത്താവ് വിരാടരാജാവ് ഒഴുകുന്ന വെള്ളത്തിൽ കൈകൾ വീണ്ടും കഴുകി കുടഞ്ഞു.

“ഇന്നെന്താ വനാശ്രമത്തിൽ ശാന്തമായ മൗനം?”, കൊട്ടാരം ലേഖിക പാഞ്ചാലിയെ അഭിവാദ്യം ചെയ്തു.

“ഇടക്കാല ദാമ്പത്യശാന്തതക്ക് പിന്നിൽ, ആർക്കറിയാം, കെട്ടടങ്ങിയ കൊടുംകാറ്റുണ്ട്”, ആഗതയെ ആലിംഗനം ചെയ്ത പാഞ്ചാലി പാണ്ഡവരെ നോക്കി.

“പതിനെട്ടു ദിവസവും മരണത്തെ കുരുക്ഷേത്രയിൽ മുഖാമുഖം കണ്ടത് കൊണ്ടാണോ ദാർശനികവ്യഥ നിഴലിക്കുന്ന വിദൂരനോട്ടം?” ആശംസയർപ്പിക്കാൻ വരിനിന്ന കൊട്ടാരം ലേഖിക യുധിഷ്ഠിരന്റെ മുമ്പിൽ എത്തിയപ്പോൾ ഉപചാരപൂർവം മുട്ടു കുത്തി കൈമുത്തി.

“വിശ്വപ്രകൃതിയിൽനിന്നും അനുവദിച്ചുകിട്ടുന്ന ഓരോ പുതുദിനത്തിലും വിധാതാവിനു കൃതജ്ഞതയുടെ പൂച്ചെണ്ട് എന്ന് ശിരസ്സു കുനിച്ചു വിനീതമാവാനാണ് മനഃസാക്ഷി എന്നെ പ്രേരിപ്പിക്കുന്നതെങ്കിലും, യുദ്ധാനന്തരഭരണകൂടം നേരിടുന്ന ജീവന്മരണപോരാട്ടം ഞങ്ങൾ നേരിടാൻ പോവുന്നു! കൗരവരാജവിധവകളെ അരമനയിൽനിന്നും, വേണ്ടിവന്നാൽ ബലപ്രയോഗത്തിൽ, കുടിയൊഴിപ്പിച്ചു വേണം, പത്തുപതിമൂന്നു കൊല്ലമായി സ്വന്തമായൊരു മേൽക്കൂരയില്ലാത്ത ഞങ്ങൾ അഞ്ചു സഹോദരർക്കും നീണ്ടുനിവർന്നു കിടന്നു അന്തിയുറങ്ങാൻ. കുടിയൊഴിപ്പിക്കപ്പെട്ട വിധവകൾ ഞങ്ങൾക്കെതിരെ പ്രക്ഷോഭം തുടങ്ങുമ്പോൾ, മാദ്രി അന്നുചെയ്ത സതി അനുഷ്ഠിക്കാൻ അവരെ നീ പ്രേരിപ്പിക്കണം. നീ തുണക്കില്ലേ? അത്താഴ വിരുന്നിനു ക്ഷണിക്കുമ്പോൾ യുദ്ധകാര്യ ലേഖകനും പത്രാധിപരും നിന്നോടൊപ്പം വരുമെന്നുറപ്പിക്കുമല്ലോ.”

◇ 2024/09/23 ◇

“ഇന്നും ഹസ്തിനപുരി കൌരവരാജ വധൂക്കൾക്ക് നിങ്ങൾ ആരാധ്യദേവത, പക്ഷേ, ഇവിടെ കാട്ടിൽ ദുര്യോധന അടിമ. മാലിന്യനീക്കം എന്ന ദിവസപ്പണിയുമായി, പരാതിയില്ലാതെ നാൾ നീക്കുന്നു. വൈരുധ്യം തോന്നുന്നില്ലേ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“അന്നന്നത്തെ അപ്പത്തിന്നായി ഇര തേടി പോവേണ്ടതില്ലാത്ത അഞ്ചു മടിയൻമാർക്കൊപ്പം, സമനില തെറ്റാതെ ഈ തടവ് അനുഭവിക്കാൻ എനിക്ക് കഴിയുന്നു എന്നതല്ലേ കൂടുതൽ കൗതുകകരമായി നിങ്ങൾ കാണേണ്ടത്?”, പാഞ്ചാലി അന്നത്തെ പുറംജോലി കഴിഞ്ഞു നീരൊഴുക്കിൽ നീന്തുകയായിരുന്നു.

“സ്ത്രീവിരുദ്ധ ആശ്രമങ്ങളിലെ മാലിന്യസംസ്കരണത്തിനു, മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി പാഞ്ചാലിയെ നിങ്ങൾ, വെറുപ്പിന്റെ കൺകണ്ട കുത്തക, നിയോഗിച്ചു എന്ന പാണ്ഡവ ആരോപണത്തോട് എങ്ങനെ പ്രതികരിക്കുന്നു? വിരാട സൈനിക പാളയത്തിൽ ഈ വിഷയമാണ് നിങ്ങൾക്കെതിരെ പ്രചരണആയുധമാക്കുന്നതു”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“സഹവർത്തിത്വത്തോടെ ജീവിച്ച നൂറോളം കൗരവരാജ വധൂക്കൾക്കു ‘സൗന്ദര്യപരിശീലന’മെന്ന പേരിൽ സംഘടിപ്പിച്ച രഹസ്യ യോഗത്തിലൂടെ ‘ഭർത്താക്കന്മാരെ എങ്ങനെ മനഃശാസ്ത്രപരമായി വരുതിയിലാക്കാം?’ എന്ന നൈപുണ്യവികസനത്തിൽ വിഷം കുത്തിവച്ച പാഞ്ചാലി, പാണ്ഡവരുടെ നവവധു എന്ന അതിഥിപദവി, ചൂഷണം ചെയ്യുകയായിരുന്നു. നിങ്ങൾ ഓർക്കുന്നുണ്ടാവും. “ഇനി കൗരവവധു എന്ന നാമരഹിത വിശേഷണം സ്വീകാര്യമല്ലെ”ന്നു, അതുവരെയുണ്ടായിരുന്ന പാരസ്പര്യം വിട്ടു, കൗരവസ്ത്രീകൾ ധിക്കാരത്തോടെ കൗരവരോട് തുറന്നടിച്ചു. ദേശം, വേഷം, നാട്ടുമൊഴി, സംസ്കാരം എന്നിവയുമായി നൂറോളം സ്ത്രീകൾ ഹസ്തിനപുരി കൊട്ടാര ജീവിതത്തിൽ നിന്ന് കുരുവംശ കൊടിക്കൂറ തുത്തുവാരി. ഞങ്ങൾ ഞെട്ടിത്തെറിച്ചു. കൗരവവധുക്കൾ സമരമുഖത്തു എന്നതൊരു പതിവ് കാഴ്ചയായി. രാജ്യം ഭരിക്കേണ്ട കൗരവർ, ഗാർഹിക പീഡകരെന്നവർ ആക്ഷേപിച്ചു. സംയമനത്തോടെ ഞാൻ അവസാനം ഇടപെട്ടു. നേതൃത്വം വഹിക്കുന്ന രണ്ടുമൂന്നുപേരെ മാറ്റിനിർത്തി പ്രക്ഷോഭം അമർച്ച ചെയ്യാൻ, വൈദ്യപരിശോധനവഴി ചിത്തഭ്രമമുദ്ര ചാർത്തി, ദൂരെ ഹിമാലയ താഴ്വരയിലെ കൊട്ടാരംവക സുഖവാസ കേന്ദ്രങ്ങളിലേക്കയക്കേണ്ടി വന്നു. ഖാണ്ഡവ വനത്തിലേക്ക് കൂടിയേറ്റക്കാരായി പാണ്ഡവർക്കൊപ്പം ഭാഗ്യാന്വേഷണത്തിനു പാഞ്ചാലി പോവുമ്പോൾ ഞാനറച്ചു, നീ ഹസ്തിനപുരിയിലെ ഇടവേളയിൽ വിതച്ച വിഷവിത്തുകൾ വളർന്നു വലുതായതൊക്കെ നിന്നെക്കൊണ്ടു തന്നെ ഞങ്ങൾ കൊയ്യിക്കും. ഒരുനാൾ നിന്നെ കൗരവഅടിമയാക്കി, നഗ്നപാദയാക്കി പകരം വീട്ടും. ഇപ്പോൾ തുറന്ന പറയട്ടെ, ആ പകരംവീട്ടൽ കഴിഞ്ഞു. പാഞ്ചാലിയിപ്പോൾ വിരാടദേശത്തു വിശ്രമിക്കുന്നു എന്നറിഞ്ഞു സന്തോഷം. ഇനി നിങ്ങൾ അവളെ കാണുമ്പൊൾ ഈ ആരാധകന്റെ ആശംസകൾ അറിയിക്കു.” ശത്രുക്കളെ തന്ത്രപരമായി നേരിടാൻ തദ്ദേശവാസികൾക്കു സൈനികപരിശീലനം പ്രഖ്യാപിക്കുന്ന പുഴയോരസംഗമത്തിൽ പങ്കെടുത്തു മടങ്ങുകയായിരുന്ന മിതഭാഷിയായി ആ ധീരപോരാളി.

“ഇനിയും കളിച്ചാൽ പൗരാവകാശം നഷ്ടപ്പെടുമെന്നല്ലേ ദുര്യോധനൻ കാര്യമായി പറഞ്ഞതു?”, ഹസ്തിനപുരിയുടെ ‘സാംസ്കാരിക നായകൻ’ എന്നറിയപ്പെടുന്ന ചാർവക നോട് കൊട്ടാരം ലേഖിക ചോദിച്ചു.

“പതിമൂന്നു വർഷത്തേക്ക് പൗരാവകാശനിഷേധനം എന്ന ദുര്യോധനപ്രസ്താവന അർത്ഥവ്യക്തതയില്ലാതെ ചുരുങ്ങിപ്പോയി എന്നതായിരുന്നു ആ കൗരവപദപ്രയോഗത്തിൽ കണ്ട പരിമിതി. കുരുവംശ കൂട്ടുകുടുംബത്തിൽ പാണ്ഡവർക്ക് ഓഹരി ചോദിക്കാനുള്ള പൗരാവകാശം പിന്നീടുണ്ടാവില്ല എന്ന അനുച്ഛേദം കൂടി ചേർത്തു, നിർണ്ണായക വാമൊഴിപ്രസ്താവന കുരുവംശ രാജമുദ്രയുള്ള ഔദ്യോഗികരേഖയാക്കിയിരുന്നെങ്കിൽ, മഹാഭാരത യുദ്ധം തന്നെ നിയമപരമായി നിലനിൽപ്പില്ലാതെ അപ്രസക്തമാവില്ലേ? ഇതുവരെ കിട്ടിക്കൊണ്ടിരുന്ന മൂന്നു നേരം സസ്യേതര ഭക്ഷണത്തിനു കൊട്ടാരം ഊട്ടുപുരയിൽ ഇന്നുമുതൽ പ്രവേശനം നിഷേധിച്ചു കൊണ്ടല്ല തിരിച്ചടിയിൽ ദുര്യോധനൻ എന്നെ ശിക്ഷിക്കേണ്ടതു.”

◇ 2024/09/24 ◇

“സുഭദ്രയെ അർജ്ജുനൻ വിവാഹം കഴിച്ച വാർത്ത നിങ്ങളെ ക്ഷുഭിതയാക്കേണ്ട കാര്യം? നിങ്ങൾക്കുമില്ലേ ഒന്നിലധികം ഭർത്താക്കന്മാർ.”, കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയോട് ചോദിച്ചു.

“സുഭദ്രയല്ല പ്രതിനായിക എന്ന് നിങ്ങൾക്കറിയാം എന്റെ അഞ്ചു മക്കൾ ദൂരെ പാഞ്ചാലത്തിൽ പ്രത്യാശയോടെ ചെങ്കോൽ കാത്തു വളരുമ്പോൾ, സുഭദ്രയുടെ വിവാഹത്തിൽ കൃഷ്ണന്റെ ആശംസ, നിങ്ങളും കേട്ടതല്ലേ, സുഭദ്രയുടെ പിൻഗാമികൾ കുരുവംശം ഭരിക്കും എന്ന് കൃഷ്ണൻ പ്രവചിച്ചു, അർജ്ജുനൻ കയ്യടിച്ചു. യുധിഷ്ഠിരൻ ജനിച്ച മണിക്കൂറുകൾ കഴിഞ്ഞാണ് ദുര്യോധനൻ പിറന്നതെന്ന ഈറ്റില്ലന്യായം രാജസഭയിൽ ആവർത്തിച്ചു പറഞ്ഞല്ലേ കൌരവരെ പാണ്ഡവർ വെള്ളം കുടിപ്പിച്ചത്?”, വഞ്ചിക്കപ്പെട്ട രാജകീയമാതൃത്വം പാഞ്ചാലിയുടെ അടക്കിപ്പിടിച്ച ക്രോധത്തിലും ചുറ്റും നിന്നവർക്ക് പൊള്ളി.

“ഒരിറ്റ ചോര വീഴാതെ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയെ അധികാരത്തിൽ നിന്ന് നീക്കി, കോഴി കൂവും മുമ്പ് കഠിനതടവിൽ വനവാസത്തിന്നയച്ച കൌരവർക്കു, ഒരു മഹാഭാരത യുദ്ധം തന്നെ വേണ്ടി വരുന്നല്ലോ നെറ്റിയിൽ അടിമക്കുറി മായാത്ത പാണ്ഡവരുടെ തല എന്നെന്നേക്കുമായി വെട്ടാൻ?”, കുരുക്ഷേത്ര യുദ്ധസജ്ജീകരണങ്ങൾ നോക്കാൻ സഹപ്രവർത്തകരുമൊത്ത് വന്ന യുദ്ധകാര്യബിലേഖകൻ, ഏറെ കാലത്തിനു ശേഷം തൊഴിൽ സാധ്യത കൈവന്ന ഉല്ലാസത്തോടെ, കൊട്ടാരം ലേഖികയോട് ചോദിച്ചു.

“വരുംയുഗത്തിൽ തിരിച്ചു പറയുമെങ്കിലും, ചരിത്രം ആദ്യം പ്രഹസനമായും പിന്നെ ദുരന്തമായും വരുമെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായില്ലേ.”

“യുദ്ധാരംഭത്തിനു മുമ്പ് കൗരവ സൈനികനിരയിലേക്ക് നിരായുധനായി ഒറ്റയ്ക്ക് പദയാത്ര ചെയ്ത ഗുരുജനങ്ങൾക്കു ഭക്തിയോടെ അഭിവാദ്യം ചെയ്തെങ്കിലും, വാളെടുത്താൽ പിന്നെ പോരാട്ടവീര്യത്തിൽ മായം പ്രതീക്ഷിക്കേണ്ടെന്നു യുധിഷ്ഠിരൻ അർത്ഥംവച്ച് പറഞ്ഞത് താങ്കളുടെ ശ്രദ്ധയിൽ പെട്ടില്ലേ?”, കൊട്ടാരം ലേഖിക ചോദിച്ചു. യമുനയിൽ നീന്തി, കളിച്ചുവന്ന ഊട്ടുപുരയിൽ പൊരിച്ച കാളത്തുട കടിച്ചുകീറി ഇറച്ചി വലിച്ചെടുക്കുകയായിരുന്ന ദുര്യോധനൻ.

“അഭിവാദ്യവും ആശീർവാദവും? ആ കാലന്റെ മകൻ അത്തരം ദുശ്യപ്പൊലിമയുള്ള കാപട്യപ്രദർശനത്തിൽ മാത്രമേ ഞങ്ങളെ എന്നും തോൽപ്പിച്ചിട്ടുള്ളു.”

“പോരാട്ടഭൂമിയിൽ ഉരുളുന്ന കൗരവതലകൾ തത്സമയം ധൃതരാഷ്ട്രരെ അറിയിക്കുന്നില്ലേ?”, വിദുരർ തിരക്കിനിടയിലും, തന്നെപ്പോലെ സൂതനും, രാജാവിന്റെ സേവനദാതാവുമായ സഞ്ജയനോട് രഹസ്യമായി ചോദിച്ചു.

“ഓരോ കൗരവനെ കൊല്ലുമ്പോഴും ഭീമൻ, മദയാനയെ പോലെ ചിന്നം വിളിക്കുന്നത് അരോചകമായി തോന്നിയിരുന്ന എനിക്ക് ഈ ‘ശിക്ഷ’ നിർത്താൻ മോഹമുണ്ടായിരുന്നു. അതിനിടയിൽ, തത്സമയ വാർത്താവതരണം, വ്യാജപരിപാടിയാണെന്നു രാജാവിന് രഹസ്യ വിവരം കിട്ടി. ഓരോ ദിവസവും, പുലർച്ചക്കു ‘ഹസ്തിനപുരി പത്രിക’യുടെ കൊട്ടാരം ചുവരെഴുത്തു പതിപ്പിൽ, തലേന്ന് സന്ധ്യ വരെ ഉരുണ്ട മൊത്തം തലകളുടെ പേർവിവരം, യുദ്ധകാര്യലേഖകൻ, കുരുക്ഷേത്രയിൽനിന്നും രാത്രിയോടെ ഹസ്തിനപുരിയിൽ എത്തി, പുലർച്ച ചുവരെഴുത്തു പൂർത്തിയാക്കി വായനക്കു പുത്തൻ പതിപ്പിൽ കൊടുക്കുകയാണ് പതിവ്. വിളക്കും മുഖമൂടിയുമായി ഞാൻ ആദ്യവായനക്കാരനാവും. ‘തത്സമയ’ വാർത്ത, രാജാവിന് ഹിതകരമായ രീതിയിൽ നാടകീയമായി തന്നെ അവതരിപ്പിക്കും. എന്നാൽ തത്സമയം എന്ന വാക്കിനു വിലയില്ലാത്ത ആസുരകാലം എന്നു പറഞ്ഞു രാജാവത് നിർത്താൻ പറഞ്ഞു. കൗരവരുടെ ആയുധ മികവിൽ തെറിച്ച പാണ്ഡവതല പറഞ്ഞാൽ മതി എന്നു ആജ്ഞാപിച്ചതോടെ, തല ഒന്നെങ്കിൽ ഒന്ന് ഉരുളൻ പ്രാർഥിക്കുകയാണുഞാൻ.”

“ഭർത്താവിനു പ്രകൃതി നിർദ്ദയം നിഷേധിച്ച കാഴ്ച, എനിക്ക് ഞാൻ മധുരമായി നിഷേധിക്കട്ടെ എന്ന് ഭീഷ്മപ്രതിജ്ഞ പോലെ പരസ്യമായി പ്രഖ്യാപിച്ചു, കയ്യിൽ തടഞ്ഞ കീറത്തുണി കൊണ്ട് എക്കാലത്തേക്കും പൊതു ഇടത്തിൽ അന്ധ എന്നംഗീകരിക്കപ്പെട്ട ഗാന്ധാരി, വരും യുഗങ്ങളിലും സാഹിത്യത്തിൽ നിറഞ്ഞുനിൽക്കും എന്ന് തോന്നാറുണ്ടോ?”, കൊട്ടാരം ലേഖിക ചോദിച്ചു. ധൃതരാഷ്ട്രരും ഗാന്ധാരിയും കുന്തിയും വിദുരരും വനവാസത്തിനു പടിയിറങ്ങിയ നേരം.

“കാട്ടിലേക്ക് പോവുംമുമ്പ് എന്റെ കൂടെ അവർ കുറച്ചു ദിവസം താമസിച്ചപ്പോൾ, മട്ടുപ്പാവിൽ കൊണ്ട് പോയി ആരും കാണാതെ കൺകെട്ട് തുണിയൊന്നു വലിച്ചുനീക്കി.”

“എന്തായിരുന്നു പ്രതികരണം?”

“തുണിനീക്കിയത് അവർ അറിഞ്ഞില്ല. കാണേണ്ടതൊക്കെ കണ്ടു. എന്നാൽ, കണ്ടില്ലെന്നു പറയാൻ ഒരു കാരണവും കണ്ണിൽ കെട്ടിത്തുക്കി.”

◇ 2024/09/25 ◇

“വിചാരണ ബഹിഷ്കരിച്ചു വനവാസത്തിൽ പോകുകയാണോ”, കൊട്ടാരം ലേഖിക പഞ്ചാലിയോട് ചോദിച്ചു.

“പീഡകനുമായി സല്ലപിക്കുന്ന നീതിപതി എന്നോട്ട്, അഞ്ച് ഭർത്താക്കന്മാരുടെ ഭാര്യ? എന്ന് ചോദിക്കുന്നത് കണ്ടതല്ലേ നിങ്ങളും? എല്ലാവരും ചിരിച്ചപ്പോൾ ഞാൻ അതിജീവിതം അർഹിക്കാത്ത പരാജിത എന്ന് വ്യക്തമായി.”

“പ്രമുഖ പാണ്ഡവന്റെ സംസാരശേഷി നഷ്ടപ്പെട്ട വാർത്ത പുകയുന്നല്ലോ! വിശദീകരിക്കാമോ?”, കൊട്ടാരം ലേഖിക ആശങ്കയോടെ ചോദിച്ചു.

“ദുര്യോധനൻ സഭാതലത്തിൽ വഴുക്കിവീണ അന്ന് തുടങ്ങി, അർജ്ജുനൻ ദുരർഥംവച്ച് പറയാൻ. എന്തിനു ശത്രുദുര്യോധനനെ ഇന്ദ്രപ്രസ്ഥത്തിലേക്കു ക്ഷണിക്കാൻ ഞാൻ അത്യുത്സാഹം കാട്ടി? അന്തഃപുര മന്ദിരം ദുര്യോധനന് അനുവദിച്ചതിലായി കുത്തൽ. സഹിച്ചു. വഴുക്കിവീണത്, അർജ്ജുനൻ സഭാതലത്തിൽ അശ്രദ്ധമായി മെഴുക്കൊഴുക്കിയതുകൊണ്ടാണെന്ന കാര്യം വിശ്വസ്ത നകുലൻ പിന്നീടറിയിച്ചിട്ടും ഞാൻ മിണ്ടാതിരുന്നു. മുറിപ്പെട്ട വികാരങ്ങളോടെ വിശിഷ്ടാതിഥിദുര്യോധനൻ മടങ്ങിപ്പോയ ദിവസം, അർജ്ജുനൻ ഊഴം തെറ്റിച്ചു അതിക്രമിച്ചു കയറി ‘വിശിഷ്ടാതിഥി’ പരികൽപ്പന കുടില കൗരവനു കൊടുക്കുകവഴി അസ്വീകാര്യമായ കീഴ്ഴ്ക്കം സൃഷ്ടിച്ചു എന്ന് ഒച്ചവെച്ചു. കുറെ ചെന്നപ്പോൾ, ദാമ്പത്യവിശ്വസ്തത കൗരവന്ത് ഞാൻ അടിയറവ് വച്ചുവെന്ന ദുസ്സൂചന സഹിക്കാനാവാതെ, തിരിച്ചടിക്ക് തയ്യാറായി. അന്തസ്സ് ഹനിക്കുന്ന നാവു പിഴുതുകളയാൻ കിടപ്പറയുടെ ഇരുട്ടിൽ പറ്റാത്തത് കൊണ്ട്, ശരീര സംഗമത്തിനുമുമ്പു ചുണ്ടു കോർക്കാൻ തരം കിട്ടിയപ്പോൾ, നാവു കടിച്ചെടുത്തു. ആസ്വാദനരതിയുടെ ഉണഭോക്താവായി പരമാനന്ദമനുഭവിക്കുമ്പോൾ തന്നെ, ആത്മാഭിമാനത്തെ അവഹേളിക്കുന്ന ഭാഷ ഉപയോഗിക്കുന്നവർക്കു താക്കീതായി കാണണം പ്രതീകാത്മക നടപടി. വാ തുറന്ന നിലവിളിച്ച അർജ്ജുനനെ മുറിക്കു പുറത്തേക്കുഞാൻ തള്ളി. പായക്കട്ടിനു വരിനിന്ന മറ്റു പാണ്ഡവർ, ‘മാരകായുധമായ പെൺപല്ലുപയോഗിച്ചു മനഃപൂർവ്വം ഇണയെ മുറിവേൽപ്പിച്ചു എന്ന കുറ്റത്തിന് ഇന്ദ്രപ്രസ്ഥം ശിക്ഷാനിയമം വകുപ്പനുസരിച്ചു പ്രതിസ്ഥാനത്തു നിൽക്കേണ്ടിവരു’മെന്നവർ പേടിപ്പിക്കാൻ ശ്രമിച്ചെങ്കിലും, ഞാനവരെ വ്യക്തിഗതസേവന മികവിൽ പിന്തുണക്കാരാക്കി. കുറച്ചു നാൾ, മുറിഞ്ഞ നാവുമായി മൗനം പാലിച്ചപ്പോൾ മനസ്സിലായി എന്താണ് മുറിവേറ്റ പെണ്ണിനു പ്രണയകേളിയിൽ പുരുഷനോട്ട് അറ്റകൈയ്യിന് ചെയ്യാനാവുക. മുക്കിമൂളി അവ്യക്തമായെങ്കിലും സംസാരിക്കുന്നുണ്ട് എന്നാണു നകുലൻ പറഞ്ഞത്. ഇതാണ് യഥാർത്ഥ സംഭവം. തലതിരിച്ചു എഴുതിയാലും, അന്തഃപുരങ്ങളിൽ ആരും അന്തം വിടില്ല, കൗരവപെൺ പല്ലിന്റെ പ്രതിരോധകൂട്ടായ്മ നൂറു വർക്കറിയാം.”

◇ 2024/09/26 ◇

“ഗംഗയും സത്യവതിയും! രണ്ട മാതൃ ബിംബങ്ങളെ വ്യത്യസ്ത രീതികളിൽ നേരിട്ടറിഞ്ഞ നിങ്ങൾ, തിരിഞ്ഞു നോക്കുമ്പോൾ, എങ്ങനെ അവരുടെ അന്തഃപുര സാന്നിധ്യവും, രാജാവിലുള്ള ദുസ്വാധീനവും വിലയിരുത്തുന്നു?, ശന്തനുവുമൊത്തവരുടെ അസാധാരണദാമ്പത്യം നിങ്ങളോടല്ലാതെ വേറെ ആരോട് ഞാൻ ചോദിച്ചറിയും!?” രാജ്യതന്ത്രത്തിൽ നിയുക്ത രാജാവ് യുധിഷ്ഠിരന് ധാർമ്മികബോധനം ചെയ്തശേഷം, ശരശയ്യയിൽ മാനം നോക്കിക്കിടന്ന പിതാമഹനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഉപാധിവച്ചാണവർ ശന്തനുവുമൊത്തുറങ്ങിയതെങ്കിലും ഗംഗക്ക് ദാമ്പത്യനിയോഗം ശിശുഹത്യയായി. ഓരോ പ്രസവത്തിനുശേഷവും വിഷാദരോഗബാധ നേരിട്ട ഗംഗ, ആരോരുമറിയാതെ നവജാതശിശുവിനെ പുഴയിൽ ഒഴുക്കുമ്പോൾ, ശന്തനു, വിവാഹ നിബന്ധനയനുസരിച്ച മൗനം പാലിച്ചു. ഗംഗ പെറ്റ എട്ടാമനായ എന്നെ മുക്കിക്കൊല്ലാൻ ശ്രമിച്ച അവളുടെ കൈകളിൽ നിന്ന് ശന്തനു നിലവിളിച്ച തട്ടിയെടുത്തതോടെ, ദാമ്പത്യ ചട്ടം തെറ്റിച്ചെന്ന പരാതിയിൽ ഗംഗ, അവിശ്വാസം രേഖപ്പെടുത്തി സ്വർഗ്ഗരാജ്യത്തിലേക്കു യാത്രയായി. സ്വന്തം മകനെ രാജാവാക്കണം എന്ന ഒറ്റക്കാര്യത്തിൽ എക്കാലവും പിടിച്ചുനിന്ന സത്യവതിയോ? ശന്തനുവിന്റെ രതിദൗർബല്യത്തിനു സമ്മതം മൂളി, അന്തഃപുര രാഷ്ട്രീയത്തിനു ദിശാബോധനൽകി. അവകാശിയില്ലാതെ മകൻ വിചിത്രവീര്യൻ അകാലത്തിൽ മരിച്ചപ്പോൾ, “കന്യകാത്വം നഷ്ടപ്പെടാത്ത വിധവകൾക്ക് നീ, ഗംഗേയാ, പായക്കട്ടിൽ മാതൃത്വം നൽകി കുരുവംശത്തെ കൂടെ നിർത്തൂ”, എന്നു കെട്ടിപ്പിടിച്ചു കെഞ്ചി. ദുരഭിമാനിയായ ഞാൻ, ആജീവനാന്തബ്രഹ്മചര്യം പതാക പോലെ ഉയർത്തിക്കാട്ടി രാജവിധവകളായ അംബികയെയും അംബാലികയെയും അവർക്കിഷ്ടമില്ലാത്ത വ്യാസനു കിടപ്പറവാതിൽ തുറന്നു കൊടുത്തുന്നു തുടങ്ങി പതനം! ഇനി ഏകാന്തമായി വിലപിക്കാൻ എന്നെ അനുവദിക്കൂ, ഈ വ്യർഥജന്മത്തെക്കുറിച്ചു കൂടുതൽ രഹസ്യങ്ങൾ പുറത്താരും അറിയാതിരിക്കട്ടെ!”

“ആസ്വദിച്ചു കൊല്ലുമോ ധൃതരാഷ്ട്രരുടെ മക്കളെ?”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. നിറഞ്ഞ വയറും ആളിപ്പുകയുന്ന ഹൃദയവുമായി കുലുങ്ങിക്കുലുങ്ങിയോടി, ആയുഷ്കാല വൈരാഗ്യത്തോടെ അർധ സഹോദരരെ ഒന്നൊന്നായി പിടി കൂടി നഗ്നഹസ്തങ്ങളാൽ വകവരുത്തുകയായിരുന്ന രൗദ്രഭാവത്തിൽ അഭിരമിക്കുന്ന പാണ്ഡവൻ.

“നിങ്ങൾക്കറിഞ്ഞുകൂടാ, ഇരയും ഞാനും തമ്മിലുള്ള വാമൊഴിലീല! മലർത്തിക്കിടത്തി നെഞ്ചിൽ ഇരു കാലുകളും കവച്ചുവച്ച പതുക്കെ ഇരിക്കുമ്പോൾ തന്നെ, കീഴ്പ്പെട്ട തുടങ്ങിയ ഇരക്കുമനസ്സിലാവും മാരകായുധ തീക്കളിയല്ല. കുടുംബ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു ഞാൻ തുടക്കത്തിലൊന്നു പരിഭവിക്കും. “ഇനിയെങ്കിലും ഞാൻ എന്റെ ജോലിചെയ്യെട്ടെടാ” എന്നുപറഞ്ഞു കൊണ്ടവന്റെ കഴുത്തിൽ ആഞ്ഞു പിടിക്കും. ഞെട്ടലുണ്ടാവും മുഖത്തപ്പോൾ. പരിഭ്രമത്തോടെ ഉടലൊന്നു ഇളകും, കുടഞ്ഞു മാറ്റാൻ അവൻ ശ്രമിക്കുമ്പോൾ ഓമനമുഖം മറു കൈപ്പത്തികൊണ്ടു അള്ളിപ്പിടിക്കും. “ഭീമാ അവനെ വിട്ടു, മകൻ യുദ്ധത്തിൽ മരിച്ചു ശവസംസ്കാരം ഇന്നുരാത്രി കഴിഞ്ഞിട്ട് ധാർമ്മികമായി വധം ചെയ്യൂ”, കൃപാചാര്യർ കൗരവനു വേണ്ടി കേഴുമ്പോൾ പിടി ഞാൻ വിടും. കൗരവമുഖമപ്പോൾ തുറിച്ചുനോക്കി ഉടൽകുടഞ്ഞു ചാടി എണീക്കുമ്പോൾ കർശനമായ നോട്ടത്തോടെ ഞാൻ ഇടപെടും. വളർത്തിപ്പരിപാലിക്കുന്ന വലതുകൈവിരൽ നഖങ്ങൾ കരൾഭാഗം നോക്കി, നരസിംഹത്തെപ്പോലെ അവതാര ലക്ഷ്യം നിർവ്വഹിക്കും. വധലീലകളിൽ സമയം പോയതറിയാതെ ചുറ്റും പകച്ച ഞാൻ നോക്കുമ്പോൾ, ശരിയാണല്ലോ, പോർക്കളി നിർത്തി കുലിപ്പടയാളികൾ ആയുധങ്ങളും ചുമന്നു പാളയത്തിലേക്ക് മടങ്ങിപ്പോവുന്നുണ്ടാവും. കളിക്കണം ഉടൽ ശ്രദ്ധമല്ലെങ്കിൽ പാഞ്ചാലി എന്നെ പായക്കട്ടിൽ ബഹിഷ്കരിക്കും വരുന്നോ ഒപ്പം നീന്താൻ?”

“എങ്ങനെ ഓർക്കപ്പെടാനാണ് മോഹം?” കൊട്ടാരം ലേഖിക ചോദിച്ചു. ശരശയ്യ.

“വീഴ്ചയത് പാണ്ഡവായുധമാണെങ്കിലും, ഭാവിയിലവർ എന്നെ മഹത്വപ്പെടുത്താൻ പ്രേരിതരാവും. ‘ഞാനൊരവിശ്വസ്ത സൈന്യാധിപൻ’ എന്ന് കൗരവർ അടയാളപ്പെടുത്തുമായിരുന്നു, ഉന്മൂലനാശത്തിനവർ ഇരകളായിരുന്നില്ലെങ്കിൽ. ബഹുസ്വര കൗരവവിധവകൾ ‘രക്തസാക്ഷി’യെന്നു വിളംബരപ്പെടുത്തുമെന്നാണെന്റെ വിശ്വാസം, പുതുതലമുറ കുമാരികൾ ‘പുരാതന വസ്തു’വെന്നെന്നെ പരിഹസിച്ചിരുന്നെങ്കിലും. പ്രാണനെടുത്തതു പാണ്ഡവർ എന്നതാണ് ആശ്വാസം, കാരണം, യുദ്ധം ജയിച്ചു അധികാരത്തിൽ കയറുന്ന യുധിഷ്ഠിരൻ രാജപദവിയിൽ ചെയ്യേണ്ടിവരിക ദേശ രത്ന പുരസ്കാരത്തിലൂടെ എന്നെ കൈവശപ്പെടുത്തുന്ന തന്ത്രമായിരിക്കും. കൗരവവിധവകൾക്കും പാണ്ഡവർക്കും ഞാനൊരു ചട്ടുകമായിരിക്കാം, പക്ഷേ, മറക്കപ്പെടില്ലെന്ന മോഹത്തോടെ ശരശയ്യയിൽ നിന്ന് ചിതയിലേക്ക്, വിട!”

◇ 2024/09/27 ◇

“നിങ്ങൾ ആറുപേരുടെയും ഗാർഹിക സംഭാഷണങ്ങൾ ആകസ്മികമായി ചെവിയോർക്കാൻ അവസരം ഉണ്ടായപ്പോഴൊന്നും, അന്നന്നത്തെ കാര്യങ്ങൾ അല്ലാതെ, പാഞ്ചാലയിൽ വളരുന്ന അഞ്ച കുട്ടികളെ കുറിച്ചോ, പാഞ്ചാലബന്ധുക്കളെ കുറിച്ചോ പങ്കിടുന്നില്ല എന്ന് വിസ്മയിക്കാറുണ്ട്. അതെന്താ അങ്ങനെ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ആണുങ്ങൾ കടിലിനു പുറത്തെ അരയാലിൻ തണലിൽ, ചൂതാട്ട പരിശീലനം നേടുന്ന ഉച്ച. വന നിശബ്ദത.

“വധുവിന്റെ മനസ്സമ്മതം ചോദിച്ചറിയാതെ, കുന്തിയുടെ ദുഷ്പ്രേരണയിൽ നാലു പാണ്ഡവർ, അർജ്ജുനന്റെ കൂടെ കിടപ്പറയിൽ വന്നെന്നെ കീഴ്പ്പെടുത്തിയ ആദ്യ രാത്രി മുതൽ, കടുംബത്തെ കുറിച്ച് ഞാൻ അവരോടോ, അവർക്കു കുടുംബം ഉണ്ടെങ്കിൽ അതിനെ കുറിച്ച് എന്നോടോ, സംസാരിക്കാൻ ഞാൻ അവസരം നിഷേധിച്ചു. അതൊരു ശീലമായി. ആ വിധം നോക്കിയാൽ, മൗനം മൊഴി പോലെ ഒരു രേഖപ്പെടുത്തൽ കൂടിയാണ്”

“ദുഷ്ടലാക്കോടെ ഇടിച്ചുകയറി, മൂപ്പിളമ ആധിപത്യത്തിനായി വളഞ്ഞവഴി തേടുന്ന യുധിഷ്ഠിരൻ, പാഞ്ചാലരാജാവിനോട് സ്ത്രീധനം ചോദിച്ച എന്ന് കുടിലകൗരവർ കുതിരപ്പന്തികളിൽ പ്രചരിപ്പിക്കുന്നല്ലോ?”, നവവധു പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഹസ്തിനപുരിയിൽ ഞങ്ങൾ കഴിയുന്നതിനിടക്ക്, കൌരവരോട് കടം ചോദിക്കേണ്ടിവരാവുന്ന മാനഹാനി ഒഴിവാക്കാൻ, സ്ത്രീധനമായി കിട്ടിയ ആഭരണങ്ങളിൽ ചിലത് വിൽക്കട്ടെ എന്ന് യുധിഷ്ഠിരൻ മറ്റ പാണ്ഡവരുടെ അനുമതിയില്ലാതെ അച്ഛനോട് ചോദിച്ചത് വാസ്തവം. “ഓ അതോ, അതവൾക്കു വാങ്ങിച്ചുകൊടുത്തതൊന്നുമല്ല, കർണന്റെ കവച കുണ്ഡലങ്ങൾ പോലെ, അഴിച്ചു മാറ്റാനാവാത്ത രണ്ടാം ചർമ്മമല്ലേ പാഞ്ചാലിയുടെ ആഭരണങ്ങൾ. യാഗാഗ്നിയിൽ നിന്ന് വളർച്ചയെത്തിയ ഉടലുമായി ഉയർന്നുവന്നപ്പോഴേ ഉണ്ടായിരുന്നതാണ്”, എന്ന സൂചനയോടെ സ്ത്രീധനവിൽപ്പന കൈകാര്യം ചെയ്തു. യാഗാഗ്നിയിൽനിന്നും ഉയർന്ന ഉടൽ എന്ന കേട്ടപ്പോൾ തന്നെ വിരണ്ടുപോയ യുധിഷ്ഠിരൻ പിന്നെ പൊന്നിൽ ദുഷ്ടലാക്കോടെ തൊട്ടിട്ടില്ല!”

◇ 2024/09/28 ◇

“ഭീമൻ ഈയിടെ മുറുമുറുക്കുന്നു, വിളിച്ചാൽ എതിർദിശയിൽ പോവുന്നു, ഇടഞ്ഞു സംസാരിക്കുന്നു, എന്താ കാര്യം?”, ഖാണ്ഡവ വനം തെളിയിച്ച കടിയേറ്റകുടുംബത്തിലെ നേതാവ് ചമയുന്ന യുധിഷ്ഠിരൻ പാഞ്ചാലിയോട് ചൊടിച്ചു.

“നേരിട്ട് ചോദിക്കണം. ഞാൻ പാണ്ഡവരുടെ മനഃസാക്ഷി സൂക്ഷിപ്പുകാരിയല്ല. എന്റെ നേരെ വേണ്ട കുതിരകയറ്റം. പാണ്ഡവർ സസ്യാഹാരമായിരിക്കും വിരുന്നുകളിൽ വിളമ്പുക, മൃഗമാംസമല്ല, എന്നൊക്കെ രാജമുദ്രവെച്ചു, മാംസഭോജ്യം വിളമ്പുന്നത് നിർത്തുമെന്നറിയിച്ചാൽ, വൃകോദരൻ വ്യസനിക്കില്ലേ? ഇഷ്ടമാംസ ഭക്ഷണം തീൻശാലയിൽ തിരിച്ചു കൊണ്ടുവന്നാൽ, പെരുമാറ്റത്തിലും കാണും ഇഷ്ടം. അതോടെ കുര നിർത്തും വാലാട്ടും.”

“ആയുഷ്കാല ബ്രഹ്മചര്യത്തെ പ്രകീർത്തിക്കുന്ന ‘ബ്രഹ്മതി’യല്ലേ ‘ഭീഷ്മ’ പദവി? പിന്നെന്താ, ബ്രഹ്മചര്യം കഠിന രതിപരിക്ഷണത്തിനു വിധേയമാക്കുന്നത്?”, അരമനയിൽ നിന്നും വിട്ടുമാറി മരക്കൂട്ടങ്ങൾക്കിടയിലെ ആഡംബര ആശ്രമത്തിൽ, നിലത്തു വിരിച്ച മെത്തയിൽ പെണ്ണടലുകൾക്കിടയിൽ കിടന്ന പിതാമഹനോട് കൊട്ടാരം ലേഖിക ചോദിച്ചു. ചെറുതിരി പ്രകാശം.

“സമപ്രായക്കാരി ചിറ്റമ്മ, രാജമാതാ സത്യവതിയുടെ പ്രലോഭനം ചെറുക്കാനായിരുന്നു ബ്രഹ്മചര്യം എന്ന ബ്രഹ്മാസ്ത്രം, ആദ്യം എയ്തത്. രോഗപീഡയിൽ കഴിഞ്ഞ യുവരാജാ വിചിത്രവീര്യൻ, ചെങ്കോൽ നിലനിർത്താൻ, ഈ ‘ആയുധം’ പണ്ട് പ്രയോഗിച്ചിട്ടുണ്ട് . ഗർഭധാരണത്തിന് മുമ്പുതന്നെ അംബികയും അംബാലികയും രാജവിധവകളായപ്പോൾ, ശാരീരികമായി ബന്ധപ്പെടാനുള്ള സത്യവതിയുടെ പ്രോത്സാഹനം ചെറുക്കാൻ ബ്രഹ്മചര്യം തൊട്ടുത്തു. വെറും പ്രതീകമല്ല ഭീഷ്മബ്രഹ്മചര്യം, അച്ചടക്കമാണ് എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തി. മധ്യവയസ്സു കഴിഞ്ഞതോടെ, കൈകാലുകൾക്കു സംഭവിക്കാവുന്ന തേയ്മാനം മറികടക്കുവാൻ, രാജകുമാരികൾ കൈത്താങ്ങായി കൂടെ വന്നു. ഒപ്പം നടക്കാൻ അവസരം കിട്ടാത്തവർ, ആശ്രമത്തിന്നകത്തു ‘കൂട്ടായ്മ’ കാണിച്ചു. രാത്രി എന്നോട്ട് മന്ത്രിച്ചു: ഇരുവശത്തും വിവസ്ത്ര പെണ്ണടലുകൾ രാവേറെ കൂട്ട് കിടന്നാൽ സാധ്യമാവുമോ പാലിക്കാൻ, ഈ കഠിന പ്രതിജ്ഞ? അത് നിത്യവും സംശയാതീതമായി തെളിയിക്കപ്പെടണമെങ്കിൽ, രതിപ്രലോഭനമികവുള്ള പെൺശരീരലഭ്യത ഉറപ്പാവണം. നിങ്ങൾ കാണുന്ന രാജകുമാരികൾ എന്റെ ബ്രഹ്മചര്യം പൊള്ള എന്നു തെളിയിക്കാൻ ശ്രമിക്കും. പോരാ. അവർ ഉടൽപരിചരണത്താൽ പ്രലോഭിപ്പിക്കുകയാണ്. ബ്രഹ്മചര്യത്തിൽ നിന്ന് പുറത്തു ചാടിക്കാൻ ആഞ്ഞു പ്രവർത്തിക്കുകയാണ്. പരപ്രീണനയില്ലാതെ ഈ കായിക പരീക്ഷണത്തിൽ അവർ സജീവ പങ്കാളികളാണ്. ബ്രഹ്മചര്യം തകർക്കാനാവില്ലെന്നവരെ ഞാൻ തെളിയിക്കണം. ഇത് വൃദ്ധന്റെ കിടപ്പറയല്ല, രതിയും രതിനിഷേധവും ബലാബലത്തിൽ പോരടിക്കുന്ന കൗമാരകാമനയുടെ രണഭൂമി. പങ്കെടുക്കണമെന്നുണ്ടോ ഐതിഹാസിക പരീക്ഷയിൽ?”

“അസംതൃപ്തദാമ്പത്യത്തെ കുറിച്ച് നിങ്ങൾ കലവറയില്ലാതെ ആവിഷ്കാരസാധ്യത തേടുമ്പോൾ, പറയാതെ വയ്യ, കൗരവരാജവധുക്കൾ കുടുംബജീവിതത്തെ കുറിച്ച് കൈപ്പുള്ള ഒരോർമയും ഞങ്ങളുമായി പങ്കിടുന്നില്ല”, നീരസത്തോടെ കൊട്ടാരം ലേഖിക സംസാരിച്ചു. കാട്ടുചോലയിൽ നീന്തിക്കുളിച്ചു നനഞ്ഞ തുണിയുമായി അവർ വിജനവഴിയിലൂടെ ആശ്രമത്തിലേക്കു നടക്കുകയായിരുന്നു.

“എന്തിനു പങ്കിടണം? മേഘങ്ങളില്ലാത്ത പൌർണമിരാത്രികളിൽ, അന്തഃപുരത്തിന് മേലെയുള്ള മട്ടുപ്പാവിൽ, പൂർണനഗ്നകളായി പൊട്ടിച്ചിരിക്കയും, പിന്നെ വിങ്ങിപ്പൊട്ടുകയും ചെയ്യുന്നവരെന്തിനു എന്നെ പോലെ, ആത്മാവിഷ്കാരത്തിന് അക്ഷരങ്ങൾ തേടണം?”, അന്നദാതാവിനെ തേടിയിറങ്ങിയ പേടമാനിനെ പരിലാളിച്ചുകൊണ്ട് പാഞ്ചാലി പുഞ്ചിരിച്ചു.

“ഇങ്ങനെ ആയിരുന്നില്ലല്ലോ വനവാസക്കാലത്തു യുധിഷ്ഠിരൻ. പരിഹസിക്കുന്ന രീതിയിൽ മഹാ രാജാവേ എന്നു അഭിസംബോധന ചെയ്താൽ, എന്റെ വിധി എന്ന് വിനീതനാവുമായിരുന്നു. അധികാരം കിട്ടിയപ്പോൾ ആളൊന്നു മാറിയോ?”, കൊട്ടാരം ലേഖിക നകുലനോടു ചോദിച്ചു.

“മഹാരാജാവിന്റെ ഔദ്യോഗിക വസതിയിൽ ഉന്നതതലയോഗം കഴിഞ്ഞു അസഹിഷ്ണതയോടെ ഇറങ്ങുകയായിരുന്ന ഊട്ടുപുര ലക്ഷ്യമാക്കി നാലു പാണ്ഡവരും പാഞ്ചാലിയും. മട്ടുപ്പാവിൽ മഹാരാജാവ് അവരെ ഇടംകണ്ണിട്ടു നിരീക്ഷിക്കുന്നത് കൊണ്ടവർ സംസാരിക്കുമ്പോൾ ശബ്ദം താഴ്ത്തി “അത്യുന്നതതലസമിതിയുടെ പ്രതിദിന ചർച്ചയിൽ അയാളുടെ നിർദേശത്തിൽ ഞങ്ങൾ നാലുപേർ എതിരഭിപ്രായം പറഞ്ഞാൽ ആളാകെ അസ്വസ്ഥനാവും. വിശ്വാസവഞ്ചന സംശയിക്കും. പാഞ്ചാലിയിൽ നിന്ന് ഞങ്ങളെ പിളർത്താൻ രഹസ്യമായി അവളെ പ്രലോഭിപ്പിക്കും, ഒന്നും നടക്കാതെ വന്നാൽ, പാർശ്വവത്കൃത സമൂഹത്തിനുവേണ്ടി വികസനകാര്യത്തിൽ ഇവരാരും സഹകരിക്കുന്നില്ല എന്ന് സന്ദർശകരുടെ മുമ്പിൽ ചുണ്ടു പിളർത്തും.”

“ആറു പേരല്ലേ കുടിയേറ്റക്കാരായി ഉണ്ടായിരുന്നുള്ളു? പിൽക്കാലത്ത് അഞ്ചു വീട്ട് ഒരു വീട്ട് സൂചി കുത്താൻ ഇടം എന്നിങ്ങനെ പടി പടിയായി ഭൗതിക അഭിലാഷങ്ങൾ പരിമിതപ്പെടുത്താൻ പരിശീലിച്ച നിങ്ങൾ, എങ്ങനെ ഖാണ്ഡവ വനം എന്ന അതിലോല ആവാസ വ്യവസ്ഥ തീയിട്ടു കത്തിക്കാൻ ധൈര്യപ്പെട്ടു?”, കൊട്ടാരം ലേഖിക പരിസ്ഥിതി സംരക്ഷകയുടെ ആശങ്ക അഭിനയിച്ചു.

“ദീർഘദൃഷ്ടിയോടെ വേണ്ടേ ദേവസന്തതികൾ തീരുമാനമെടുക്കാൻ? ഖാണ്ഡവവനം പരിപാലിച്ച വനാശ്രമത്തിൽ കിളച്ചും കന്നുപൂട്ടിയും കഴിയണോ, അതോ വനമേഖല വെട്ടിതെളിയിച്ചു യമുനയുടെ തീരത്തു മോഹനനഗരി പണിയണോ? മറക്കരുതേ, ഞങ്ങൾ ഓരോ കല്ലും ഈ കൈ കൊണ്ട് പണിത ഇന്ദ്രപ്രസ്ഥം, ദ്വാപരയുഗത്തിൽ മാത്രം തിളങ്ങുന്ന ഐതിഹ്യ നഗരിയല്ല, വരാനിരിക്കുന്ന കലിയുഗത്തിൽ ദേശവിദേശ പടയോട്ടങ്ങൾക്കും അധികാരവഴികൾക്കും ആഗോള ശ്രദ്ധക്കും ഭ്രമികയാവും”, ഭാവിയിലേക്ക് കണ്ണെറിഞ്ഞു അർജ്ജുനൻ ശബ്ദം താഴ്ത്തി.

◇ 2024/09/30 ◇

“ആ ‘ഓമനമുഖം’ ഓർക്കുന്നു, നവവധുവായിരിക്കെ, പാണ്ഡവർക്കൊപ്പം വന്ന പാഞ്ചാലിയെ ഹസ്തിനപുരിയിൽ വരവേൽക്കാൻ, ആരാധകനെപോലെ ദുര്യോധനൻ കൊട്ടാര മൈതാനത്തൊരുക്കിയ അത്താഴവിരുന്നിൽ, എന്തൊരു വിനയവും പ്രസന്നതയും ആയിരുന്നു യുധിഷ്ഠിരനോടവൾ ചേർന്നിരിക്കുമ്പോൾ കാണിച്ചിരുന്നത്. ഖാണ്ഡവപ്രസ്ഥത്തിലേക്കു കുടിയേറ്റക്കാരായി പോവേണ്ടിവന്നതുകൊണ്ടു, രാപ്പകൽ ദേഹാധ്വാനം വന്നതാണോ പിൽക്കാലത്തവളുടെ പരുക്കൻ മനോഭാവത്തിന് കാരണം?”, വനവാസക്കാല പാണ്ഡവരോടും, പ്രത്യേകിച്ച് യുധിഷ്ഠിരനോടും, മറ ഇല്ലാതെ ഇടഞ്ഞു പെരുമാറുന്നൊരു പതിവ് അഭിമുഖവിഷയമായപ്പോൾ, കൊട്ടാരം ലേഖിക ചോദിച്ചു.

“‘ഇടഞ്ഞു പെരുമാറുന്ന’വളെ കാണാൻ സൈന്ധവ റാണി ദുശ്ശളയുടെ ഭർത്താവും നാടുവാഴിയുമായ ജയദ്രഥൻ ഇവിടെ പാത്തും പതുങ്ങിയും പിടി മുറുക്കിയപ്പോൾ എന്തായിരുന്നു പാഞ്ചാലിയുടെ ഉടുത്തൊരുങ്ങലും ആതിഥ്യ മര്യാദയും. ഞങ്ങൾ അഞ്ചുപേരും നായാടാൻ പോയ ദിവസമാണ് അവളുടെ കള്ളി വെളിച്ചത്തായത്. അവർ വിനോദയാത്രക്കെന്നും പറഞ്ഞു നാടു വിടാൻ ശ്രമിക്കുമ്പോൾ, സംശയം തോന്നിയ അയൽക്കാരൻ പരിത്യാഗി, ഞങ്ങളെ ഉടൻ വിവരം അറിയിക്കാനുള്ള ജാഗ്രത കാട്ടി. ഓടിവന്നപ്പോൾ, ജയദ്രഥ രഥം മുന്നോട്ടു പോവുന്നു. സംഘടിത പാണ്ഡവശ്രമത്തിൽ ജയദ്രഥനെ കീഴ്പ്പെടുത്തി പ്രതികാരം ചെയ്യുമ്പോൾ, “വിട്ടയക്കു അവനെ, അവന്റെ ഭാര്യ ദുശ്ശള വനിതാവകാശസമിതിയുടെ അധ്യക്ഷ, നിങ്ങൾക്കെതിരെ ദുര്യോധനനെ സ്വാധീനിക്കാൻ അവൾ മതി” എന്ന് നിരുത്സാഹപ്പെടുത്തുന്നതു ഞങ്ങളെ പ്രകോപിതരാക്കി. വീട്ടിൽ അടങ്ങിയൊതുങ്ങികഴിയേണ്ട ഭാര്യ, ആറാമതൊരു പുരുഷനെ പ്രലോഭിപ്പിക്കുന്ന ഭീഷണയാചാരാഢ്യം നിസ്സംഗതയോടെ കണ്ടുനിൽക്കാനാവില്ലെന്നുറപ്പിച്ച ഞങ്ങൾ, ജയദ്രഥനെ തലമൊട്ടയടിച്ചു പുള്ളികുത്തി കെട്ടിയിട്ട് പാഞ്ചാലിയുടെ മുമ്പിൽ നിർത്തി ചോദ്യം ചെയ്തു, അപമാനിച്ചു. മാസങ്ങൾ വേണ്ടിവന്ന അക്കാര്യത്തിൽ ഞങ്ങളോട് പാഞ്ചാലിയുടെ അമർഷവും ക്ഷോഭവും മാറാൻ. അവളെപ്പറ്റി ഒന്നേ പറയാനാവൂ ഇന്ന് നിങ്ങളെ ഊഷ്മളമായി കാണുന്നവൾ നാളെ നിങ്ങളെ കണ്ടാൽ കണ്ടു എന്ന് നടിക്കില്ല. നമ്മെപോലെ അമ്മ പ്രസവിച്ചു വളർത്താത്തതിന്റെ കുഴപ്പം. യാഗാഗ്നിയിൽനിന്നും വളർച്ച പ്രാപിച്ച പെണ്ണടലുമായി ഉയർന്നുവന്നവൾ എന്ന ഐതിഹ്യ പ്രതിച്ഛായയ്ക്കൊത്ത യക്ഷി!”

“എവിടെ അർജ്ജുനൻ? സൂര്യ പുത്രനെ ചതിച്ചുകൊന്നതിൽ, നിങ്ങൾക്ക് നൊമ്പരമുണ്ടോ?”, കുന്തിയുടെ കന്യാപുത്രനെന്ന അംഗീകരിക്കപ്പെടുകയും, കൗരവ സർവ്വസൈന്യാധിപനുമായിരുന്ന കർണ്ണന്റെ മകളുടെ വിവാഹസൽക്കാരത്തിൽ പങ്കെടുത്തു, തിരിച്ചു പോവാൻ ആനപ്പുറത്തുകയറുന്ന മഹാരാജാവിനോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

“കാറുമൂടിയ സന്ധ്യയിൽ, അർജ്ജുനനും പ്രതിയോഗി കർണ്ണനും പോർക്കളത്തിൽ പരസ്പരം നേരിട്ടത് നേരുതന്നെ. ദുരുഹസാഹചര്യത്തിൽ ചളിയിൽ താണ രഥചക്രമുയർത്താൻ കർണ്ണ തേരാളി ശല്യൻ വിസമ്മതിച്ചതും കൗതുകകരമായ കാര്യം. നിവൃത്തിയില്ലാതെ സ്വയം മണ്ണിലിറങ്ങിനിന്ന് രഥചക്രം ഉയർത്താൻ പാടുപെടുന്ന കർണ്ണനെ അനുകമ്പയോടെ നോക്കുമ്പോൾ ആയിരുന്നില്ലേ, മാനം വിണ്ടുകീറിയ ഇടിമിന്നലിൽ, കർണ്ണൻ മരണമടഞ്ഞത്? അത് കണ്ട മനമിടിഞ്ഞ ഞാൻ കണ്ട, തലകുനിച്ച പരേതനു അഭിവാദ്യം ചെയ്ത ആവനാഴിയിലേക്കു അർജ്ജുനൻ, അമ്പു തിരിച്ചിടുന്നു. വേദനാകരമായി തോന്നി കർണ്ണജീവിതത്തിന്റെ പ്രകൃതിദുരന്തം. ജന്മരഹസ്യം ചരമ ശ്രുശ്രൂഷയിൽ കുന്തിമുഖത്തുനിന്നറിഞ്ഞപ്പോൾ പരേതാത്മാവിനു സ്വർഗ്ഗരാജ്യം അനുവദിച്ചു കിട്ടാൻ, കൗന്തേയർ ശ്രാദ്ധം ചെയ്തതും സ്മരണീയമായ ആധ്യാത്മിക വസ്തുത. അവന്റെ കൊച്ചുമകളുടെ വിവാഹം, അതു കുടുംബആഘോഷമായി ഏറ്റെടുത്തു. അവൾക്കു പാഞ്ചാലിയുടെ കേശ പരിലാളന ശ്രുശ്രൂഷക എന്ന ജോലി സമ്മാനമായി നൽകി. അതാണ് പുനരധിവാസത്തിൽ പാണ്ഡവ മാതൃക. സത്യാവസ്ഥ അതായിരിക്കെ, കഥയറിയാതെ അർജ്ജുന സ്വഭാവഹത്യക്കു കൂട്ടുനിന്നാൽ, അഴകളവുകളിൽ നിന്നും ഇനി തെറിക്കുക നിന്റെ തലയായിരിക്കും”

“ഇന്ദ്രപ്രസ്ഥം ചക്രവർത്തി ആയപ്പോഴാണോ, സ്വതന്ത്ര ചാരവകുപ്പിന്റെ ആവശ്യം ബോധ്യപ്പെട്ടത്? എന്ത് കൊണ്ട് പക്ഷേ, നകുലൻ?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോടു ചോദിച്ചു.

“അരക്കില്ലത്തിലേക്കു പോവാൻ ദുഷ്പ്രേരണ ധൃതരാഷ്ട്രരിൽ നിന്ന് വന്നപ്പോൾ, ഞങ്ങൾ അഞ്ചുപേർ ചേർന്ന യോഗം കഴിയുമ്പോഴേക്കും നകുലൻ സ്വയം നേതൃസ്ഥാനം ഏറ്റെടുത്തിരുന്നു. പിറ്റേന്ന് രാവിലെ പടിയിറങ്ങുമ്പോഴേക്കും അരക്കില്ലം എന്ന വരാനിരിക്കുന്ന കുരുക്ക് അവൻ അഴിച്ചിരുന്നു. ആശങ്കക്ക് പകരം യാത്രയും താമസവും പ്രതീക്ഷാനിർഭരമായി. എന്ത് സംഭവിക്കും എന്നതിൽ മാറി, എന്ത് സംഭവിക്കണം എന്ന വിവേചനാധികാരം നകുലന്റെ കയ്യിലായതു ദുര്യോധനൻ മനസ്സിലാക്കി എന്ന് വേണമെങ്കിൽ സമ്മതിക്കാം, പക്ഷേ, ഗതി മാറ്റാൻ കൗരവനായില്ല. അന്ന് തുടങ്ങിയ വിശ്രമരഹിത ജോലി അവൻ ആസ്വദിക്കുന്നു, രഹസ്യവിവരങ്ങളുടെ ശേഖരവും പ്രയോജനവും ആണ് രാജ്യതന്ത്രത്തിൽ കാര്യം എന്ന് നിങ്ങൾ തക്ഷശിലയിൽ പോയി പഠിച്ചാൽ മാത്രം പോരാ.”

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014